കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2018-19


**കേരള സംസ്ഥാന ഓഡിറ്റ് തിരുവനന്തപുരംജില്ലാ**

**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം**

e-mail: lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.9/2047/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം ജില്ല

തീയതി 14.01.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

**വിശ്വസ്തതയോടെ,**

**ഒപ്പ്**

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.റ്റി.വി.എം./ജി.പി.9/2047/2019 തീയതി:14.01.2020

## തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം1- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23.09.2018 മുതൽ 20.08.2019തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 70 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 60 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. മുഹമ്മദ് നിസാർ.എ.,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.10.2019 മുതൽ<br>29.10.2019 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ.മനേഷ്.ബി.എച്ച്. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ബിന്ദു.ഒ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി അസീന.എ.പി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി ശാലിനി.വി.കെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ശരത്.ജെ.ശങ്കർ<br>(23.10.2019 മുതൽ 31.10.2019 വരെ) | ഓഡിറ്റർ |
| ശ്രീ.സ്വാലിഹ്.സി.പി. | ഓഡിറ്റർ |

### നിർവഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. സിന്ധു | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി. ഡി.എസ്.ലതിക | 01.04.2018 മുതൽ 31.03.2019 വരെ |

**<u>നിർവ്വഹണോദ്യോഗസ്ഥർ</u>**

| നിർവഹണോദ്യോഗസ്ഥർ | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. കെ.വിക്രമൻ പിള്ള | 01.04.2018 മുതൽ 19.04.2018 വരെ |
| | ശ്രീമതി. എം.ജി.രാധാമണി | 20.04.2018 മുതൽ 19.06.2018 വരെ |
| | ശ്രീ. വിമലചന്ദ്രൻ | 20.06.2018മുതൽ 23.06.2018 വരെ |
| | ശ്രീമതി. എം.ജി.രാധാമണി | 24.06.2018മുതൽ 09.10.2018 വരെ |
| | ശ്രീമതി. കനകമണി. ബി. | 10.10.2018മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. മഹേഷ്.ടി.എസ്. | 01.04.2018മുതൽ 11.07.2018 വരെ |
| | ശ്രീ. സുജിത്.എസ്. | 12.07.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ഷീജ. എം.പി. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ഷീജ അഷറഫ് | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ. സുരേഷ് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ - 1 | ശ്രീ. വി. നിഹാദ് | 01.04.2018 മുതൽ 07.2.2019 വരെ |
| | ശ്രീമതി. രശ്മി.എസ്.ആർ (അധിക ചുമതല) | 08.02.2019 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ - 2 | ശ്രീമതി. രശ്മി.എസ്.ആർ. | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. സാബിത. എസ്.ആർ. | 01.04.2018 മുതൽ 31.03.2019 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. സീമ തമ്പി | 01.04.2018 മുതൽ 21.08.2018 വരെ |
| | ശ്രീമതി. ത്രേസ്.ജെ. | 22.08.2018 മുതൽ 05.09.2018 വരെ |
| | ശ്രീമതി. ദീപ | 06.09.2018 മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ |
| എച്ച്.എം,<br>ഗവ. എൽ.പി.എസ്.<br>അടയമൺ | ശ്രീമതി. ശശികല.എം.എസ്. | 01.04.2018 മുതൽ<br>31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. സുജാതകുമാരി. ആർ.ജി. | 01.04.2018 മുതൽ<br>31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം- 1<br>ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | വരവ് തുക യഥാസമയം ബാങ്കിൽ അക്കൗണ്ട് ചെയ്തില്ല | 1-12 |
| 13 | വരവ് തുക യഥാസമയം ഒടുക്ക് വരുത്താതെ തെറ്റായി അക്കൗണ്ട് ചെയ്തു | 1-13 |
| 14 | ബസ് സ്റ്റാന്റ് ഫീ - കളക്ഷൻ ഉറപ്പ് വരുത്തേണ്ടതാണ് | 1-14 |
| 15 | ലൈബ്രറി പുസ്തകങ്ങളുടെ വിതരണം -അപാകതകൾ | 1-15 |
| 16 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ | 1-16 |
| 17 | കെട്ടിട നിർമ്മാണ പെർമിറ്റ് - ചട്ടവിരുദ്ധമായ നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചു | 1-17 |
| 18 | കെട്ടിട നിർമ്മാണ പെർമിറ്റ് നൽകലും വസ്തുനികുതി നിർണയവും - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 1-18 |
| 19 | സഞ്ചയ സോഫ്റ്റ് വെയർ പ്യൂരിഫിക്കേഷൻ- ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണയം നടത്തുന്നു | 1-19 |
| 20 | വസ്തു നികുതി- മേഖലാ നിർണയത്തിലെ അപാകങ്ങൾ | 1-20 |
| 21 | വസ്തുനികുതി - സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-21 |
| 22 | വസ്തു നികുതി - റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു | 1-22 |

| | | |
|---|---|---|
| 23 | പാർപ്പിടാവശ്യത്തിന് നികുതി നിർണയം നടത്തിയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വാണിജ്യാവശ്യത്തിനുള്ള ലൈസൻസ് നൽകുന്നു | 1-23 |
| 24 | ഒഴിവായി കിടക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി ഇളവ് ചെയ്തതിൽ അപാകത | 1-24 |
| 25 | വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കുന്നതിൽ അപാകത | 1-25 |
| 26 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല | 1-26 |
| 27 | കെട്ടിടങ്ങളുടെ വാടക - അപാകങ്ങൾ | 1-27 |
| 28 | തൊഴിൽ നികുതി-അപാകങ്ങൾ | 1-28 |
| 29 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-29 |
| 30 | റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 1-30 |
| 31 | സ്ഥാപന തൊഴിൽ നികുതി - രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല | 1-31 |
| 32 | ബി.എസ്.എൻ.എൽ ഓഫീസിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 1-32 |
| 33 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-33 |
| 34 | ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു | 1-34 |
| 35 | വളർത്തുനായകൾക്ക് ലൈസൻസ് നൽകുന്നില്ല | 1-35 |
| 36 | യു.പി.എസ്. ബൈ ബാക്ക് തുക ലഭ്യമാക്കിയില്ല | 1-36 |
| 37 | പഞ്ചായത്ത് ഓഫീസിലെ ജനറേറ്റർ- ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല | 1-37 |
| 38 | ജീവനക്കാരുടെ എസ്.എൽ.ഐ പ്രീമിയം കുറവായി അടവാക്കുന്നു | 1-38 |
| 39 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- തുക തടസ്സം ചെയ്യുന്നു | 1-39 |
| 40 | ജൈവ സമൃദ്ധി - തരിശുകൃഷി - പദ്ധതി ലക്ഷ്യം കണ്ടില്ല | 1-40 |
| 41 | ഖരമാലിന്യ നിർമ്മാർജ്ജനം- രേഖകൾ പൂർണമല്ല | 1-41 |
| 42 | പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ്- അപാകതകൾ | 1-42 |
| 43 | ഇലക്ട്രിഫിക്കേഷൻ നടത്താത്ത കെട്ടിടത്തിന് മുൻകൂറായി ഫാൻ വാങ്ങി | 1-43 |
| 44 | പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് ബസ്സ്റ്റാന്റിൽ കോണ്ടൂർ സ്കെച്ച്- അപാകതകൾ | 1-44 |
| 45 | കടമ്പ്രവാരം കുടിവെള്ള പദ്ധതി - തുടർ നടപടികൾ അനിവാര്യം | 1-45 |
| 46 | അംഗീകാരം വാങ്ങിയ പ്രവൃത്തികൾ നടപ്പാക്കുന്നില്ല - വകയിരുത്തുന്ന ഫണ്ട് ചെലവഴിക്കുന്നില്ല | 1-46 |
| 47 | സ്ഥല പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു | 1-47 |
| 48 | മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ട് രൂപീകരണത്തിന് ആധാരമാക്കേണ്ട രേഖകൾ നിലവിലില്ല | 1-48 |
| 49 | യഥാർത്ഥ ചെലവ് ഉറപ്പാക്കാതെ ഗുണഭോക്തൃ സമിതിക്ക് തുക നൽകി | 1-49 |
| 50 | ജലശ്രീ - കിണർ റീ-ചാർജിംഗ് - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-50 |

| | | |
|---|---|---|
| 51 | പഴയകുന്നമ്മേൽ മാർക്കറ്റ് - അധികാരികളുടെ ശ്രദ്ധ ആവശ്യം | 1-51 |
| 52 | കേദാരം - സമഗ്ര നെൽകൃഷി വികസനം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-52 |
| 53 | സ്റ്റോക്ക് രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല | 1-53 |
| 54 | തൊഴിലുറപ്പ് പദ്ധതി - അപാകതകൾ | 1-54 |
| 55 | ഹരിത കർമ്മസേനയുടെ രൂപീകരണവും അജൈവ മാലിന്യ ശേഖരണവും- തുടർ പ്രവർത്തനം നടക്കുന്നില്ല | 1-55 |
| 56 | പട്ടിക വർഗ വിദ്യാർത്ഥികൾക്ക് പഠനമുറി - അപാകതകൾ | 1-56 |
| 57 | ഒരേ സ്പെസിഫിക്കേഷനിലുള്ള കട്ടിലിന് രണ്ട് നിരക്ക് | 1-57 |
| 58 | മഴക്കാല പൂർവ്വ ശുചീകരണം- ചെലവു രേഖകൾ പൂർണമല്ല | 1-58 |
| 59 | വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തൽ - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി | 1-59 |
| 60 | വിദ്യാർഥികൾക്കും സ്കൂളുകൾക്കും ലാപ് ടോപ്പ് വാങ്ങൽ - പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടിയില്ല | 1-60 |
| 61 | പാലിയേറ്റീവ് കെയർ പ്രവർത്തനം -അപാകതകൾ | 1-61 |
| | ഭാഗം-2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 62 | ഇല്ല | 2-1 |
| | ഭാഗം-3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 63 | ഇല്ല | 3-1 |
| | ഭാഗം-4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 64 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 65 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 66 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 67 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 68 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 69 | സ്ഥിര നിക്ഷേപം | 4-6 |
| 70 | ഓഡിറ്റ് റിക്കവറി | 4-7 |
| 71 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 72 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 73 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 74 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26.03.2018ലെ 1 ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 05.02.2019ലെ 9(1) ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 15.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11326218.04 |
| വരവ് | 92002276.00 |
| ആകെ | 103328494.00 |
| ചെലവ് | 87607270.00 |
| നീക്കിയിരിപ്പ് | 15721224.04 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 17988120 | 17988120 | 17988120 | 0 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 13032894 | 13032894 | 13032894 | 0 |
| വികസന ഫണ്ട്-റ്റി.എസ്.പി | | 0 | 200000 | 200000 | 200000 | 0 |
| മെയിന്റനൻസ്, റോഡ് | | 0 | 4965000 | 4965000 | 4965000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 4048000 | 4048000 | 4048000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 8899000 | 8899000 | 8899000 | 0 |
| സാക്ഷരത | | 56565.64 | 6617 | 63182.64 | 0 | 63182.64 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 23015000 | 23015000 | 23015000 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 69808 | 449283 | 519091 | 509848 | 9243 |
| ഐ.സി.ഡി.എസ്. | | 515273 | 784400 | 1299673 | 376306 | 923367 |
| സമ്പൂർണ്ണ ശുചിത്വം | | 59030 | 2332578 | 2391608 | 1051981 | 1339627 |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 20374 | 2343136 | 2363510 | 2080416 | 283094 |
| | ജില്ലാ പഞ്ചായത്ത് | 0 | 2558695 | 2558695 | 1292327 | 1266368 |
| ബി ഫണ്ട് | | 0 | 1100000 | 1100000 | 0 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 355287 | 11512704 | 11867991 | 8399918 | 3468073 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 10151740.4 | 11109953 | 21261693.4 | 15499969 | 5761724.4 |
| മറ്റിനം | | 37500 | 49645 | 87145 | 56145 | 31000 |
| ക്യാഷ് | | 60640 | 750019 | 810659 | 60640 | 750019 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 210 | 97356981 | 156 | 65554779 | - | 54 | 74 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 69808 | 449283 | 519091 | 509848 | 9243 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 23015000 | 23015000 | 23015000 | 0 |
| ആകെ | 69808 | 23464283 | 23534091 | 23524848 | 9243 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 6,75,000/- | 329 |
| കർഷകതൊഴിലാളി പെൻഷൻ | 53,85,000/- | 405 |
| വിധവാപെൻഷൻ | 1,84,93,700/- | 1538 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 2,42,61,700/- | 2207 |
| വികലാംഗപെൻഷൻ | 38,85,000/- | 305 |
| വിവാഹധനസഹായം | 4,20,000/- # | 14 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ളപെൻഷൻ | 3,27,800/- | 27 |
| നെല്ലുല്പാദക ബോണസ് | 5,000/- | 17 |

# വാർഷിക ധനകാര്യപത്രിക പ്രകാരം 3,90,000/- രൂപയും സെക്രട്ടറിയുടെ ബിൽ ബുക്ക് പ്രകാരം 4,20,000/-രൂപയുമാണ് ചെലവ്.

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2019, 10.00AM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 25,488/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

1) ബസ് സ്റ്റാന്റ് കളക്ഷൻ, വസ്തു നികുതി, ലൈസൻസ്, തൊഴിൽ നികുതി, വാടക എന്നീ തനത് വരുമാനങ്ങൾ പൂർണമായും പിരിച്ചെടുക്കുന്നുവെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല.

2)ചട്ട വിരുദ്ധമായി കെട്ടിട നിർമ്മാണാനുമതി നൽകിയിതായി കണ്ടെത്തിയിട്ടുണ്ട്.

3)പഴയകുന്നുമ്മേൽ മാർക്കറ്റിലെ പ്രവർത്തനങ്ങളും നിലവിലെ അവസ്ഥയും അവലോകനം നടത്തി, പൊതുജനത്തിന് ഉപകാരപ്രദമാകുന്ന രീതിയിൽ മാർക്കറ്റിനാവശ്യമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ പതിയേണ്ടതാണ്.

4) സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പാലിക്കാത്തതിനാൽ ഒരേയിനം സാധനങ്ങൾക്ക് വ്യത്യസ്ഥ വില നൽകി വാങ്ങിയിട്ടുണ്ട്.

<u>5)ബജറ്റ് രൂപീകരണം-അപാകങ്ങൾ</u>

**a)നടപടിക്രമം പാലിച്ചില്ല**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2017ഡിസംബർ 15-ന് മുൻപ് | ബജറ്റ് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ | 2018ജനുവരി 15-ന് മുൻപ് | ബജറ്റ് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല |

| | | | |
|---|---|---|---|
| | ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | | |
| 3 | ക്രോഡീകരണത്തിനായി വിവിധ<br>സ്റ്റാന്റിംഗ് കമ്മിറ്റികൾ ചേരൽ | 2018ജനുവരി 25-ന്<br>മുൻപ് | സമർപ്പിച്ചിട്ടില്ല |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | 2018ഫെബ്രുവരി 1-ന്<br>മുൻപ് | വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2018ഫെബ്രുവരി 28-ന് മുൻപ് | 03.03.2018ന് അംഗീകരിച്ചു |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | 2018മാർച്ച് 1-ന് മുൻപ് | 03.03.18ന് നിർമ്മാണം നടത്തി |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2018മാർച്ച് 7-ന് മുൻപ് | 26.03.18ന് കമ്മിറ്റി ചേർന്നു |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2018മാർച്ച് 31-ന് മുൻപ് | 26.03.18ന് കമ്മിറ്റി ചേർന്നു |

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ തയ്യാറാക്കിയതിന്റെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് ബജറ്റ് തയ്യാറാക്കിയത്.

**b)ബജറ്റിൽ ഉൾപ്പെടാത്ത ചെലവുകൾ നടത്തി**

2018-19 പുതുക്കിയ ബജറ്റിൽ ഉൾപ്പെടാത്ത ഇനങ്ങളിൽ ചെലവുകൾ നടത്തിയിട്ടുണ്ട്. ഉദാഹരണമായി

| ക്രമ നം | ഹെഡ് ഓഫ് അക്കൌണ്ട് | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2502006 | Water conservation | - | 43,810/- |
| 2 | 2511011 | Continuing education and non formal education | - | 54,250/- |
| 3 | 252300101 | Public bulidings | - | 2,94,156/- |
| 4 | 2523101 | Other constructions side wall | - | 3,67,304/- |
| 5 | 2531009 | Computerisation of panchayaths | - | 97,408/- |

**c)ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചു**

താഴെപ്പറയുന്ന ഇനങ്ങളിൽ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചു.

| ക്രമ നം | ഹെഡ് ഓഫ് അക്കൌണ്ട്. | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2511013 | Education-related activities | 1,00,000/- | 2,50,000/- |
| 2 | 2516007 | General economic services – computerisation of LSGIs and transferred institutions | 1,00,000/- | 1,36,560/- |

നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.45/26.10.2019-ന് ലഭിച്ച മറുപടിയിൽ ബജറ്റ് റിവൈസ് ചെയ്തപ്പോൾ വെബ്സാംഖ്യ വഴി ചെലവ് ചെയ്തതിനാണ് മേൽ അപാകതകൾ സംഭവിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ടാണ് ബജറ്റ് തയ്യാറാക്കിയതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.09.2019 | 06/19, 07/19 | 29.09.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.08.2017 മുതൽ 16.09.2017 വരെ | 2012-13 മുതൽ 2016-17 വരെ | 17.10.2017 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

കെ.എസ്.എ.റ്റി.വി.എം.ജിപി.9/1248/2019 തീയതി 20.08.2019 പ്രകാരം വാർഷിക കണക്ക പരിശോധനാ റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

# 1-12 അടവാക്കിയ വരവ് തുക യഥാസമയം ബാങ്ക് അക്കൗണ്ട് ചെയ്തില്ല

വിവിധ ഇനങ്ങളിലായി 04.05.2018ൽ വരവ് വന്ന 12,309/- രൂപ 05.05.2018ൽ ബാങ്കിൽ അടച്ചതിന്റെ ചെല്ലാൻ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ബാങ്ക് അക്കൗണ്ടിൽ വരവ് വച്ചത് 16.07.2018ലാണ്. മെയ് മാസത്തിലെ റിക്കൺസിലിയേഷനിൽ പ്രസ്തുത അപാകത കണ്ടെത്തിയെങ്കിലും ബാങ്കുമായി ബന്ധപ്പെട്ട് പരിഹരിക്കാൻ പഞ്ചായത്തിന് കഴിഞ്ഞില്ല. ഇക്കാരണത്താൽ പ്രസ്തുത കാലയളവിലെ പലിശ നഷ്ടപ്പെട്ടിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-13 വരവ് തുക യഥാസമയം ഒടുക്ക് വരുത്താതെ തെറ്റായി അക്കൗണ്ട് ചെയ്തു

ഡേബുക്ക് പ്രകാരം 22.01.2019ൽ 65,716/- രൂപ വരവുണ്ട്. എന്നാൽ ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ പ്രകാരം പ്രസ്തുത തുക 24.01.2019 നാണ് അടവാക്കിയിരിക്കുന്നത്. ഫ്രണ്ട് ഓഫീസിലെ 22.01.2019 ലെ കളക്ഷൻ സാംഖ്യ പ്രകാരം 58,927/- രൂപയും മാന്വൽ രസീത് പ്രകാരം ഇന്ററപ്റ്റഡായി 6,789/- രൂപയുമായിരുന്നെന്നും ഇന്ററപ്റ്റഡായി ലഭിച്ച തുക പിറ്റേദിവസം ബാങ്കിൽ ഒടുക്കാൻ വിട്ടുപോയെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 39/26.10.2019). വിശദീകരണം ഇപ്രകാരമായിരിക്കെ ബാങ്ക് ബുക്കിലും ക്യാഷ് ബുക്കിലും വരവ് തെറ്റായി അക്കൗണ്ട് ചെയ്തത് ന്യായീകരിക്കത്തക്കതല്ല. 23.01.2019ൽ 58,927/-രൂപ ബാങ്കിൽ അടവാക്കിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എങ്കിലും ഇത്തരം പ്രവണത ഒഴിവാക്കേണ്ടതാണ്.

# 1-14 ബസ് സ്റ്റാന്റ് ഫീ - കളക്ഷൻ ഉറപ്പ് വരുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റിൽ നിന്ന് ബസ് സ്റ്റാന്റ് ഫീസ് പിരിക്കുന്നതിന് കുടുംബശ്രീയെ ചുമതലപ്പെടുത്തിയിട്ടുണ്ട് (ഭരണ സമിതിയുടെ VIII(25)/24.02.2016-ാം നമ്പർ തീരുമാനം). ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ദിവസേനയുള്ള പിരിവിൽ 490/- രൂപ മുതൽ 750/- രൂപ വരെയുള്ള വ്യതിചലനം കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| തീയതി | കളക്ഷൻ |
|---|---|
| 04.12.2018 | 720 |
| 05.12.2018 | 530 |
| 06.12.2018 | 750 |
| 19.02.2019 | 700 |
| 20.02.2019 | 490 |
| 21.02.2019 | 670 |

ബസ് സ്റ്റാന്റിൽ വരുന്ന ബസുകളുടെയെല്ലാം പെർമിറ്റ് വിവരം ശേഖരിച്ച് ഫീ കളക്ഷൻ ഉറപ്പ് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. (ഇതുമായി ബന്ധപ്പെട്ട് ആറ്റിങ്ങൽ RTOയ്ക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട് - ഓഡിറ്റ് എൻക്വയറി നമ്പർ 41/26.10.2019)

2018-19 സാമ്പത്തിക വർഷം ബസ് സ്റ്റാന്റിൽ നിന്നുള്ള വരവിന്റെ സംക്ഷിപ്തം രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രിക (RP-4) പ്രകാരമുള്ള ചുവടെപ്പറയുന്ന വരവുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| ഇനം | വരവ് |
|---|---|
| Public comfort station receipt | 25814 |
| Bus stand Receipt | 249170 |
| Lorry, taxi & other vehicle stand receipt | 134824 |

ബസ് സ്റ്റാന്റിൽ നിന്നുള്ള എല്ലാ വരവുകളുടെയും ആധികാരികത ഉറപ്പ് വരുത്തുന്നതിനാവശ്യമായ രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-15 ലൈബ്രറി പുസ്തകങ്ങളുടെ വിതരണം -അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഗോദവർമ്മ വിലാസം പബ്ലിക് ലൈബ്രറിയിൽ വിതരണം ചെയ്യുന്ന പുസ്തകങ്ങൾ തിരികെ ലഭിക്കുന്നതിന് കാലതാമസമുണ്ടായിട്ടുണ്ട്. പുസ്തകങ്ങളുടെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ആറ് മാസത്തിലധികമായി തിരികെ കിട്ടാനുള്ള പുസ്തകങ്ങളുമുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| അക്സഷൻ നമ്പർ | പുസ്തകത്തിന്റെ പേര് | കൈപ്പറ്റിയ ആളിന്റെ പേര് | കൈപ്പറ്റിയ തീയതി |
|---|---|---|---|
| 7915 | കൈരളിയുടെ കഥ | വിദ്യാകൃഷ്ണ | 23.03.2019 |
| 5702 | മലയാള സംഗീത നാടക ചരിത്രം | ടി | ടി |
| 7403 | ഇലിയഡ് | ടി | ടി |
| 6474 | അഗ്നിസാക്ഷി | ജുമാന | 25.03.2019 |
| 6415 | നോബൽ ജേതാക്കളുടെ കഥകൾ | ടി | ടി |
| 4499 | കുമൻകൊല്ലി | നൗഷാദ് | 27.03.2019 |
| 4448 | താളം | ടി | ടി |
| 7301 | പുതുമയുള്ള വിവിധ തരം അച്ചാറുകൾ | സുഗന്ധി | 03.04.2019 |
| 6609 | ഇരുപത് ലോകപ്രശസ്ത നാടോടിക്കഥകൾ | നിരഞ്ജന | 04.04.2019 |
| 4347-4349 | വെളുത്ത ചെകുത്താൻ 2-4 | ഗായത്രി | 06.04.2019 |
| 4410 | വെളുത്ത ചെകുത്താൻ 1 | ടി | ടി |

വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 27/24.10.2019) മേൽ പട്ടികയിലെ അഞ്ച് പുസ്തകങ്ങൾ തിരികെയെത്തിയതായും നിശ്ചിത സമയത്തിനുള്ളിൽ പുസ്തകങ്ങൾ തിരിച്ചേൽപ്പിക്കാത്ത അംഗങ്ങളിൽ നിന്ന് ലൈബ്രറിയുടെ നിയമാവലി പ്രകാരം ഒരു ദിവസത്തിന് 10 പൈസ നിരക്കിൽ പിഴയീടാക്കാറുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പിഴ നിരക്കുൾപ്പെടെ ലൈബ്രറിയുടെ നിയമാവലിയിലെ ഇനങ്ങൾ കാലാനുസൃതമായി പുതുക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ലൈബ്രറിയിലെ പുസ്തകങ്ങളുടെ ഭൗതിക പരിശോധന കാലാകാലം നടത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

# 1-16 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ

**എ)ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല**

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല.ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.ബജറ്റ് രൂപീകരണവേളയിൽ നിലവിലെ വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്ന പ്രക്രിയയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ചതായി മിനിട്സിലോ ബജറ്റ് ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനം സമർപ്പിച്ച ട്രേഡേഴസ് ലിസ്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 261 സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. എന്നാൽ 379 സ്ഥാപനങ്ങൾക്ക് 2018-19 വർഷം ലൈസൻസ് നൽകിയിട്ടുണ്ട്. ലൈസൻസിനായി സമർപ്പിച്ച ക്രമ നം.1 മുതൽ 200 വരെയുള്ള അപേക്ഷകളിൽ I,IV,X എന്നീ വാർഡുകളിൽ ഉൾപ്പെട്ട താഴെപ്പറയുന്ന സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | IV/28 | നൂർജഹാൻ.എം | മെറ്റൽ ക്രഷർ യൂണിറ്റ് |
| 2 | I/499A,B | സമീർ.എ | കാർ ആക്സസറീസ് |
| 3 | X/569 | ഫിറോസ് ഖാൻ | ടൂവീലർ സെയിൽ |
| 4 | I/510 | ശ്രീ.ദാവൂദ് | പച്ചക്കറി കട |
| 5 | IV/140 | തുളസീധരൻ | ബേക്കറി |
| 6 | I/1155 | രവിഘോഷ് | ടൈൽസ് വില്പന |
| 7 | X/946 | അനിൽകുമാർ | ഫർണീച്ചർ കട |
| 8 | X/652 | ഹർഷാദ് | സിമന്റ് നിർമ്മാണം |
| 9 | X/623 | ഷറഫുദ്ദീൻ | ടീ ഷോപ്പ് |
| 10 | X/433 | ഷറഫുദ്ദീൻ | പലചരക്ക് |
| 11 | X/477 | രഞ്ചുമോൻ.ആർ.എസ് | റബ്ബർ കട |

| | | | |
|---|---|---|---|
| 12 | I/524 | നിഷാദ് | ഫാൻസി |
| 13 | I/483 | സുനിൽകുമാർ | പലചരക്ക് കട |
| 14 | I/599 | ബിൻസി ലാൽ | ടൈൽസ് കട |

**ബി)സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കുന്നില്ല**

1996-ലെ കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് ചട്ടങ്ങൾ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്.എന്നാൽ 2018-19 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയ ആദ്യ 100 സ്ഥാപനങ്ങളിൽ, 6 സ്ഥാപനങ്ങൾ മാത്രമാണ് മേൽ കാലാവധിക്കുള്ളിൽ ലൈസൻസിനുള്ള അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത്.

**സി)ലൈസൻസ് പുതുക്കി നൽകിയിട്ടില്ല**

സ്ഥാപനം സമർപ്പിച്ച 2018-19 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിലുൾപ്പെട്ട I,II,X എന്നീ വാർഡുകളിലെ സ്ഥാപനങ്ങൾ മാത്രം പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

| ക്രമ നം | വാർഡ് നം. | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | I | വിജേഷ് വി.എസ് | ഫ്രൂട്ട് സ്റ്റാൾ |
| 2 | I | ഉദയകുമാർ | പ്രൊവിഷൻ സ്റ്റോർ |
| 3 | I | ചന്ദ്രശേഖരൻ എം | ഫെർട്ടിലൈസർ ഷോപ്പ് |
| 4 | II | മുഹമ്മദ് യൂസഫ് | ഫർണിഷിംഗ് ഷോപ്പ് |
| 5 | X | ഇഷാക്ക് | സ്റ്റേഷനറി |
| 6 | X | അജി കെ.രാജൻ | പ്ലംബിംഗ് |

**ഡി)മൂലധന നിക്ഷേപത്തിന്റെ വിവരം അപേക്ഷയോടൊപ്പം ഉൾപ്പെടുത്തുന്നില്ല**

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം മൈക്രോ, മിനി, സ്മാൾ, മീഡിയം ,ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**ഇ)ലൈസൻസ് ഫീ കുറവായി ഈടാക്കി**

ലൈസൻസിനായി സമർപ്പിച്ച ക്രമ നം.1 മുതൽ 100 വരെയുള്ള അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ കുറവായാണ് ഈടാക്കിയിരിക്കുന്നത്.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമ/ സ്ഥാപനത്തിന്റെ പേര് | മൂലധന നിക്ഷേപം (അപേക്ഷ പ്രകാരം) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ്/ (രസീ നം) | കുറവ് |
|---|---|---|---|---|---|---|
| 1 | XIII/380-392 | വാഞ്ചുകുമാർ<br>ഹെറിറ്റേജ് ഹോട്ടൽ | 1.84 കോടി | 5,000/- | 4,000/-<br>(118050100220/ 12.04.18) | 1,000/- |
| 2 | X/569G,H,A | ഫിറോസ് ഖാൻ<br>ട്രൂവിലർ സെയിൽസ് | 2.0447 കോടി | 5,000/- | 4,000/-<br>(118050100437/ 20.04.18) | 1,000/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.42/26.10.19 ന് ലഭിച്ച മറുപടിയിൽ ലൈസൻസ് ഫീ നിരക്കുകൾ സംബന്ധിച്ച സർക്കാർ വ്യക്തത വരുത്താത്തതിനാലാണ് മേൽ അപാകത സംഭവിച്ചതെന്നും മറ്റ് ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-17 കെട്ടിട നിർമ്മാണ പെർമിറ്റ് - ചട്ടവിരുദ്ധമായ നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചു

താഴെപ്പറയുന്ന കെട്ടിടത്തിന് 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി പെർമിറ്റ് അനുവദിച്ചു.

ഫയൽ നമ്പർ - A2-BA(995220/2018 തീ.16.04.2018

പെർമിറ്റ് നമ്പർ - A2/3041/2018 തീ.23.05.2018

കെട്ടിട ഉടമയുടെ പേര് - ശ്രീ.പ്രദീപ് കുമാർ

വിലാസം - ഗോവർദ്ധനം, കുന്നുമ്മേൽ കിളിമാനൂർ

കെട്ടിടത്തിന്റെ ഉപയോഗക്രമം - വാണിജ്യ അവശ്യത്തിന്

പ്ലോട്ട് വിസ്തീർണം - 0.06 ആർ

കെട്ടിടത്തിന്റെ വിസ്തീർണം - 61.71 $m^2$

ഉയരം - 9 m

പൂമുഖം - 3.60 m

പിന്നാമ്പുറം - 0.60 m

പാർശ്വാങ്കണം(1) - 1 m

പാർശ്വാങ്കണം(2) - abutted side(സ്ഥലം ഉടമയുടെ സമ്മത പത്രം)

2011 കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ,ചട്ടം 62 പ്രകാരം(ചെറുപ്ലോട്ടുകളിലെ കെട്ടിടങ്ങൾ) 125 $m^2$ കവിയാത്ത വിസ്തീർണമുള്ള സ്ഥലങ്ങളിൽ കച്ചവടാവശ്യത്തിനായി കെട്ടിടം നിർമ്മിക്കുമ്പോൾ , ചട്ടം 64 (2) ,64(3) എന്നിവ പ്രകാരം കെട്ടിടത്തിന്റെ ഉമ്മറത്തിന് ചുരുങ്ങിയത് 1.80 മീറ്റർ വ്യാപ്തിയും, ഏതെങ്കിലും ഒരു വശത്തിന് 0.90 മീറ്ററും, മറ്റേ വശത്തിന് ചുരുങ്ങിയത് 0.60 മീറ്ററും ഉണ്ടായിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം 0.90 മീറ്റർ വീതിയുള്ളതല്ലാത്ത ഒരു വശത്തെ തുറസ്സായ സ്ഥലം ആ വശത്തുള്ള പ്ലോട്ടിന്റെ ഉടമ സ്വമേധയാ രേഖാമൂലം സമ്മതിക്കുന്നപക്ഷം അതിർത്തിയോട് ചേർന്ന് പണിയാവുന്നതാണ്. കൂടാതെ മേൽ ചട്ടം 64 (3) പ്രകാരം പിന്നാമ്പുറത്തിന് ഏറ്റവും ചുരുങ്ങിയത് 0.50 മീറ്ററോട് കൂടിയ ശരാശരി 1 മീറ്റർ വ്യാപ്തി ഉണ്ടാകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പെർമിറ്റ് അനുവദിച്ച മേൽ കെട്ടിടത്തിന്റെ പിന്നാമ്പുറത്തിന് ശരാശരി 0.60 മീറ്റർ വീതി മാത്രമാണുള്ളത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 68/30.10.2019 ന് ലഭ്യമാക്കിയ മറുപടിയിൽ സാങ്കേതിക വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിൽ റെസിഡെൻഷ്യൽ ബിൽഡിംഗ് എന്ന് നോട്ടപ്പിശകുമൂലം റിപ്പോർട്ട് നൽകിയതിനാലാണ് മേൽ അപാകത സംഭവിച്ചതെന്നും തുടർന്ന് ലഭിക്കുന്ന അപേക്ഷകളിൽ അപാകത വരുത്താതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കെട്ടിടത്തിന് ചട്ട വിരുദ്ധമായി നിർമ്മാണാനുമതി നൽകിയത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തെ ഗുരുതര പിഴവാണ്. കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകുമ്പോൾ 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-18 കെട്ടിട നിർമ്മാണ പെർമിറ്റ് നൽകലും വസ്തുനികുതി നിർണയവും - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

**എ)വ്യത്യസ്ഥ ഫയലുകൾ സൂക്ഷിക്കുന്നു.**

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.12.2015 ലെ 12900/ആർ/2015/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമ്മിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വ്യത്യസ്ഥ ഫയലുകളായാണ് പെർമ്മിറ്റ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതും നികുതി നിർണ്ണയം നടത്തിയിട്ടുള്ളതും .

**ബി)നികുതി നിർണയത്തിന്റെ രേഖകൾ സൂക്ഷിക്കുന്നില്ല**

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1),(2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയ റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം ഫാറം നമ്പർ2-ൽഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടത്തെ

സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ ക്രമ നമ്പർ 75 മുതൽ 100 വരെയുള്ള ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഫയലുകളിൽ മേൽ ഫാറങ്ങൾ സൂക്ഷിച്ചിട്ടില്ല.

| ക്രമ നം | വാർഡ് നം/ കെട്ടിട നം | ഫയൽ നമ്പർ |
|---|---|---|
| 1 | XVI/234B | A2/5401 തീ.13.07.2018 |
| 2 | XV/419B | 2058/2018-A2 തീ.26.04.2018 |
| 3 | XIV/533B | A2/3410/18 തീ.30.05.2018 |

**സി)തെറ്റായ പ്ലാനുകൾ അംഗീകരിക്കുന്നു**

2011ലെ കേരളപഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ, ചട്ടം 85 പ്രകാരം കുടിവെള്ളത്തിന് ഉപയോഗിക്കുന്ന കിണറിന് 7.5 മീറ്റർ ചുറ്റളവിൽ സെപ്റ്റിക് ടാങ്ക് നിർമ്മാണത്തിന് അനുമതി നിൽകാവുന്നതല്ല. കൂടാതെ കെട്ടിടത്തിന്റെ സൈറ്റ് പ്ലാനിൽ മേൽ വിവരം രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ പ്ലാനിൽ മേൽ വിവരം രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത് കേരള മുനിസിപ്പൽ നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥ പ്രകാരമാണെന്നാണ് പ്ലാനിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം | ഫയൽ നമ്പർ | പെർമിറ്റ് നമ്പർ |
|---|---|---|
| 1 | A2/4384/18 തീ.31.03.18 | A2-BA(127202/2018) തീ.02.06.18 |
| 2 | A2/4123/18 തീ.21.05.2018 | A2-BA(109866/2018) തീ.22.05.18 |

**ഡി) അന്വേഷണ റിപ്പോർട്ട് അപൂർണം**

പൂർത്തിയായ കെട്ടിടങ്ങളുടെ സ്ഥല പരിശോധനാ റിപ്പോർട്ടിൽ പെർമിറ്റ് പ്രകാരമുള്ള പ്ലിന്ത് ഏരിയ, പെർമിറ്റിൽ വ്യതിചലിച്ച് നിർമ്മിച്ചവയുടെ വിസ്തീർണം , ക്രമവത്കരിക്കേണ്ടവയുടെ വിസ്തീർണം എന്നിവയുൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയാണ് നികുതി നിർണയം നടത്തേണ്ടത്. എന്നാൽ ക്രമ നമ്പർ 75 മുതൽ 100 വരെയുള്ള ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഫയലുകളിലെ അന്വേഷണ റിപ്പോർട്ടിൽ മേൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

| ക്രമ | വാർഡ് നം/ | ഫയൽ നമ്പർ |
|---|---|---|

| നം | കെട്ടിട നം | |
|---|---|---|
| 1 | 16/341B | A2/6313/18 തീ.25.09.2018 |
| 2 | 07/601A | A2/4197/18 തീ.11.06.2018 |
| 3 | 07/74B | A2/7092/18 തീ.12.10.2018 |
| 4 | 10/350A | A2/6657/18 തീ.05.09.2018 |
| 5 | 14/586A | A2/8108/18 തീ.03.11.2018 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 68/30.10.2019, 70/31.10.2019 ന് ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വസ്തുനികുതി നിർണ്ണയം നടത്തേണ്ടതും ബന്ധപ്പെട്ട രേഖകൾ കൃത്യമായും പരിപാലിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-19 സഞ്ചയ സോഫ്റ്റ് വെയർ പ്യൂരിഫിക്കേഷൻ- ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണയം നടത്തുന്നു

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1),(2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ , സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രഥമം, ദ്വിതീയം, തൃതീയം എന്നിവയുടെ വിവരങ്ങളും കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം, തറയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം എന്നിവയുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ/ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ സഞ്ചയസോഫ്റ്റ്വെയർ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശം നടത്തി വസ്തു നികുതി കണക്കാക്കിയ ജീവനക്കാർ തയ്യാറാക്കിയ ഫാറം 6 പരിശോധനയ്ക്ക് ഹാജരാക്കിയില്ല.ആയതിനാൽ സഞ്ചയ സോഫ്റ്റ്വെയറിലെ വസ്തുനികുതി നിർണയത്തിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 53/29.10.2019 ന് ലഭ്യമാക്കിയ മറുപടിയിൽ ഫാറം 6 സൂക്ഷിക്കുന്നതിന് നിർദ്ദേശം ലഭിച്ചിട്ടില്ലാത്തതിനാൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച്

വസ്തുനികുതി നിർണ്ണയം നടത്തേണ്ടതും ബന്ധപ്പെട്ട രേഖകൾ കൃത്യമായും പരിപാലിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-20 വസ്തു നികുതി- മേഖലാ നിർണയത്തിലെ അപാകങ്ങൾ

**എ)മേഖല അടിസ്ഥാനത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല**

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും , ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

**ബി)വെരിഫിക്കേഷൻ റിപ്പോർട്ടും സഞ്ചയ സോഫ്റ്റ് വെയറിലെ രേഖപ്പെടുത്തലും പൊരുത്തപ്പെടുന്നില്ല.**

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പ്രകാരം ദ്വിതീയ മേഖലയിലെ ഒരു കെട്ടിടത്തിന് 10% നികുതി ഇളവും തൃതീയ മേഖലയിൽപ്പെടുന്ന ഒരു കെട്ടിടത്തിന് 20% നികുതിയിൽ നിന്നും ഇളവു ലഭിക്കും. ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ക്രമനമ്പർ100 മുതൽ 125 വരെയുള്ള ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വെരിഫിക്കേഷൻ റിപ്പോർട്ടും സഞ്ചയ സോഫ്റ്റ്വെയറിലെ രേഖപ്പെടുത്തലും പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | വാർഡ് നം/ കെട്ടിട നം | അന്വേഷണ റിപ്പോർട്ട് പ്രകാരമുള്ള മേഖല | സഞ്ചയ പ്രകാരമുള്ള മേഖല |
|---|---|---|---|
| 1 | VII/405A | തൃതീയം | ദ്വിതീയം |
| 2 | I/262c | ദ്വിതീയം | തൃതീയം |
| 3 | II/35A | തൃതീയം | ദ്വിതീയം |
| 4 | XIV/586A | തൃതീയം | ദ്വിതീയം |
| 5 | XII/882A | തൃതീയം | ദ്വിതീയം |

**സി)ഒരേ കെട്ടിടത്തിലെ/സമീപപ്രദേശത്തെ കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല**

ഗ്രാമപഞ്ചായത്തിലെ ഒരേ കെട്ടിടത്തിലെ/സമീപപ്രദേശത്തെ കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നൽകി സഞ്ചയ പ്രകാരം വസ്തു നികുതി ഈടാക്കുന്നു.

| ക്രമ നം. | വാർഡ് നം/ കെട്ടിട നം | മേഖല |
|---|---|---|
| 1 | I/294 | തൃതീയം |
| | I/294 B | ദ്വിതീയം |
| 2 | XIII/103 | ദ്വിതീയം |
| | XIII/103 A | തൃതീയം |
| 3 | I/93 | തൃതീയം |
| | I/93B | ദ്വിതീയം |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 70/31.10.2019 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും നികുതി നിർണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

# 1-21 വസ്തുനികുതി - സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ പൊരുത്തപ്പെടുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യപത്രിക I-18 (Prior period Items )ഷെഡ്യൂളിൽ prior period income Property tax ഇനത്തിൽ 4,11,342/- രൂപ ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വസ്തു നികുതി തുകകളും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വസ്തു നികുതി തുകകളും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം | | | സഞ്ചയ പ്രകാരം | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| വസ്തു നികുതി (R)കറണ്ട് | 1336837 | 1189599 | 334064 | 1336837 | 975512 | 317350 |
| വസ്തു നികുതി (R)അരിയർ | 725617 | 576045 | 330659 | 586713 | 297199 | 313367 |
| വസ്തു നികുതി (NR)കറണ്ട് | 2849304 | 2079298 | 661780 | 2849304 | 2163617 | 630021 |
| വസ്തു നികുതി (NR) അരിയർ | 2268666 | 591377 | 997622 | 1737294 | 834278 | 949633 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.53/29.10.2019-ന് ലഭിച്ച മറുപടിയിൽ സഞ്ചയ, സാംഖ്യ ഇന്റഗ്രേഷന്റെ ഫലമായാണ് മേൽ വ്യത്യാസം നിലനിൽക്കുന്നതെന്നും സഞ്ചയ സോഫ്റ്റ്വെയർ പ്യൂരിഫിക്കേഷൻ വേളയിൽ സഞ്ചയ, സാംഖ്യ എന്നിവ ക്രമപ്പെടുത്തുന്നതിനാണ് 4,11,342/- രൂപ ഡിമാന്റിൽ ഒഴിവാക്കിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം കൂടാതെ വസ്തുനികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കിയത് അംഗീകരിക്കാവുന്നതല്ല. മേൽ അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 വസ്തു നികുതി - റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു

2018-19 വർഷം സംഖ്യ രസീത് പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട.നം | പേര് /വിലാസം | റദ്ദാക്കിയ സാംഖ്യ രസീത് നം/ തീയതി | കാലയളവ് | തുക |
|---|---|---|---|---|---|
| 1 | 04/109A | വാസന്തി, പുതുവൽവിള വീട്, കിളിമാനൂർ | 118050100253/ 13.04.2018 | 2018-19 ഒന്നും രണ്ടും അർദ്ധവർഷം | 1,186/- |
| 2 | 07/917 | ബൈജു എസ്, ചരുവിള പുത്തൻവീട്,തൊളിക്കുഴി | 118050101139/ 19.05.2018 | 2014-15 ഒന്നാം അർദ്ധവർഷം മുതൽ 2018-19 രണ്ടാം അർദ്ധ വർഷം വരെ | 1,298/- |
| 3 | 11/530 | ആർ.വിജയകുമാർ, കമുകിൻകോട് ഹൗസ് വെള്ളല്ലൂർ | 118050102672/ 27.10.2018 | 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2018-19 രണ്ടാം അർദ്ധ വർഷം വരെ | 4,440/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ69/31.10.2019 ന് ലഭിച്ച മറുപടിയിൽ ക്ലറിക്കൽ പിശക് മൂലമാണ് മേൽ അപാകത സംഭവിച്ചതെന്നും ഐ.കെ.എം -ന്റെ സഹായത്തോടെ രസീതുകൾ കാൻസൽ ചെയ്യാൻ നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കംചെയ്യാത്തത് ഗുരുതരമായ പിഴവാണ്. ഇക്കാരണത്താൽ വസ്തു നികുതി പിരിവ് ഇനത്തിൽ വർദ്ധിച്ച വരവാണ് സഞ്ചയയിൽ കാണപ്പെടുന്നത്.സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-23 പാർപ്പിടാവശ്യത്തിന് നികുതി നിർണയം നടത്തിയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന

# സ്ഥാപനങ്ങൾക്ക് വാണിജ്യാവശ്യത്തിനുള്ള ലൈസൻസ് നൽകുന്നു

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതിനായി കെട്ടിട ഉടമ മുപ്പത് ദിവസം മുമ്പായി ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതും ഫോറം നമ്പർ 2ൽ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ രജിസ്റ്ററിലെ 100 അപേക്ഷകൾ പരിശോധിച്ചതിൽ പാർപ്പിടാവശ്യങ്ങൾക്ക് വസ്തു നികുതി കണക്കാക്കുന്ന താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിന് ലൈസൻസ് നൽകിയിട്ടുണ്ട്.

| ക്രമ നം | വാർഡ്/ കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | ലൈസൻസ് ആവശ്യകത | കെട്ടിടത്തിന്റെ വിസ്തീർണം | ഈടാക്കിയ വസ്തുനികുതി നികുതി | ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി (@40/$m^2$) |
|---|---|---|---|---|---|---|
| 1 | I/106 | അബ്ദുൾ സലാം, തോട്ടത്തിൽ വീട്, തട്ടത്തുമല | പ്രോവിഷൻ സ്റ്റോർ നടത്തുന്നതിന് | 60 $m^2$ | ഇല്ല (സ.ഉ(എം.എസ്).144/15/ തസ്വഭവ തീ.27.04.15) | 60*40=2400/- |
| 2 | I/107 | ശിവൻകുട്ടി ചെട്ടിയാർ, രാജേഷ് ഭവൻ, കിളിമാനൂർ | പ്രോവിഷൻ സ്റ്റോർ നടത്തുന്നതിന് | 28 $m^2$ | ഇല്ല (സ.ഉ(എം.എസ്).144/15/ തസ്വഭവ തീ.27.04.15) | 28*40=1120/- |
| 3 | XIV/1040 | ജീന,ഷാനവാസ് ഹൌസ്, കൊടുവഴന്നൂർ | മെഡിക്കൽ സ്റ്റോർ | 25 $m^2$ | ഇല്ല (സ.ഉ(എം.എസ്).144/15/ തസ്വഭവ തീ.27.04.15) | 25*40=1000/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.69/31.10.19ന് ലഭിച്ച മറുപടിയിൽ മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകുമ്പോൾ വാണിജ്യാവശ്യത്തിനുള്ള കെട്ടിടമാണെന്ന് ഉറപ്പു വരുത്തേണ്ടതും അല്ലാത്തപക്ഷം നികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്. ഇത്തരത്തിലുള്ള ചട്ട ലംഘനം റിപ്പോർട്ട് ചെയ്യുന്നതിനും തടയുന്നതിനുമുള്ള സംവിധാനമൊരുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-24 ഒഴിവായി കിടക്കുന്ന കെട്ടിടങ്ങളുടെ

# വസ്തുനികുതി ഇളവ് ചെയ്തതിൽ അപാകത

**എ)മുൻകാല പ്രാബല്യത്തിൽ ഇളവ് നൽകി**

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21(2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമ | അപേക്ഷ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|
| 1 | XI/593 മുതൽ XI/598 വരെ | എം. ശ്രീരംഗൻ, ഭാരതി ഭവൻ, പുളിമാത്ത് | 11.04.2018 | 01.04.2018 മുതൽ 30.09.2018 വരെ |
| 2 | XI/518 മുതൽ XI/523 വരെ | കെ.രാമൻപിള്ള, മഠത്തിൽ വീട്, പകൽക്കുറി | 24.05.2018 | 01.04.2018 മുതൽ 30.09.2018 വരെ |

**ബി)അപേക്ഷ നൽകിയിട്ടും ഇളവ് അനുവദിച്ചില്ല.**

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21(2) (എ) പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കണമെന്നുള്ള അപേക്ഷയിൻമേൽ ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

| കെട്ടിട നമ്പർ | കെട്ടിട ഉടമ | അപേക്ഷ തീയതി |
|---|---|---|
| XI/550, XI/552 മുതൽ XI/557 വരെ | മോഹനൻ, ലളിത ഭവൻ, പുതിയകാവ്, | 28.04.2018 |

ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥന്റെ സ്ഥല സന്ദർശന റിപ്പോർട്ടിൽ കെട്ടിടങ്ങൾക്ക് ഇളവിന് അർഹതയുണ്ടെന്ന് രേഖപ്പെടുത്തുകയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ വച്ച് ഇളവിന് അംഗീകാരം ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധനയിൽ മേൽ വിഷയം അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ സഞ്ചയയിൽ നികുതി ഇളവ് അനുവദിച്ചു നൽകിയിട്ടുമില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 69/31.10.19 ന് മറുപടിയിൽ മേൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഒഴിവായി കിടക്കുന്ന കെട്ടിടങ്ങൾക്ക് ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായാണ് വാർഷിക നികുതിയിൽ ഇളവ് അനുവദിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

# 1-25 വിമുക്ത ഭടൻമാർക്ക് വസ്തു നികുതി

# ഒഴിവാക്കുന്നതിൽ അപാകത

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/ സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ 2018-19 വർഷം അപേക്ഷയോ, സാക്ഷ്യപത്രമോ സമർപ്പിക്കാത്ത താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നം | വാർഡ് നം/ കെട്ടിട നം | പേര് , വിലാസം |
|---|---|---|
| 1 | I/264 | ഷാഹുൽ ഹമീദ്,<br>ആർ.കെ മൻസിൽ, തട്ടത്തുമല |
| 2 | III/449 | അജയകുമാർ, പൗർണ്ണമി, തട്ടത്തുമല |
| 3 | IV/184 | സുമതി എ, കുളപ്പാറ കുന്നിൽ വീട് |
| 4 | IV/316 | യൂസഫ് കുഞ്ഞ്,<br>സുജ്ജ മൻസിൽ, വട്ടപ്പച്ച |
| 5 | V/65 | എസ്. മോഹനൻപിള്ള,<br>സാഗരിക, അടയമൺ |
| 6 | V/314 | ഗിരിജ, കുന്നുവിള വീട്, അടയമൺ |
| 7 | VI/323 | ആർ. സദാനന്ദൻ,<br>ആർ.പി നിവാസ്, അടയമൺ |
| 8 | VI/585 | ചന്ദ്രബോസ്,<br>കൈലാസ്, അടയമൺ |
| 9 | VII/3 | പി. ആർ. കുട്ടൻ,<br>ജിഞ്ചി നിവാസ്, തൊളിക്കുഴി |
| 10 | X/1231 | എസ്.ശശീന്ദ്രബാബു,<br>ഓംശ്രീ, മുളയ്ക്കലത്ത് കാവ് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.55/28.10.2019 ന് ലഭിച്ച മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-26 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള താഴെപ്പറയുന്ന മൊബൈൽ ടവറിൽ നിന്നും 2018-19 വർഷം വസ്തുനികുതി ഈടാക്കിയിട്ടില്ല.

| ക്രമ | ടവറിന്റെ വിവരം | വാർഡ് നം/ | വിസ്തീർണ്ണം |
|---|---|---|---|

| നം | | കെട്ടിട നം | |
|---|---|---|---|
| 1 | ബി.എസ്.എൻ.എൽ | 4/469 | $20m^2$ |
| 2 | ഡിസ്റ്റേറ്റ് വയർലെസ് ലിമി. | 16/12A | $15.67m^2$ |
| 3 | റിലയൻസ് ഇൻഫോകോം.ലിമി | 16/21A | $20m^2$ |
| 4 | ഇന്ത്യൻ ടെലകോം ഇൻഫ്രാ.ലിമി | 17/457A | $10m^2$ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം( നം.16/23.10.19)-ന് നൽകിയ മറുപടിയിൽ വസ്തു നികുതി ഈടാക്കാൻ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതും ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

# 1-27 കെട്ടിടങ്ങളുടെ വാടക - അപാകങ്ങൾ

**എ)വാടക ഈടാക്കിയിട്ടില്ല**

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴപ്പറയുന്ന കടമുറികളിൽ നിന്നും 2018-19വർഷം വാടക ഈടാക്കിയിട്ടില്ല.

| ക്രമ നം | കടമുറി നം | വാടകക്കാരന്റെ പേര്/ വിലാസം | കാലയളവ് | വാടക (ജി.എസ്.ടി ഉൾപ്പെടെ) |
|---|---|---|---|---|
| 1 | എസ്.സി-IX | ശ്രീ. ജി. ജയൻ, കുന്നംപുറത്ത് വീട്, കിളിമാനൂർ | 12/2018 മുതൽ 03/19 വരെ | 915*4=3660 |
| 2 | എസ്.സി-XI | ശ്രീ.ലോഹിതദാസൻ, പൊയ്കവിള വീട്, കുന്നമ്മേൽ | 07/2018 മുതൽ 03/19 വരെ | 915*9=8235 |
| 3 | ഒ.എം.എസ് VI, VII | ശ്രീ. റാസലുദ്ദീൻ, കുന്നിൽ പുത്തൻ വീട്, ശ്രീനിവാസപുരം | 05/2018 മുതൽ 03/2019 വരെ | 18222*11=200442 |
| 4 | ഒ.എം.എസ്(ഒ)-1 | ശ്രീ. റഹീം, ഈഞ്ചപ്പുരയിൽ വീട്, ആലംകോട് | 04/2018 മുതൽ 03/2019 വരെ | 341*12=4092 |
| 5 | ഒ.എം.എസ്(ഒ)-III | ശ്രീമതി.പുഷ്കല, വഴിവാരത്ത് വീട്, അടയമൺ | 02/2019 മുതൽ 03/2019 വരെ | 410*2=820 |
| 6 | ഒ.എം.എസ്(ഒ)-IV | ശ്രീ. വി.ശ്രീധരൻ, ശ്രീ നിലയം, കിളിമാനൂർ | 04/2018 മുതൽ 03/2019 വരെ | 326*12=3912 |
| 7 | എൻ.എം.എസ്(ഒ)-III | ശ്രീമതി. രാധാ , രാധാവിലാസം, വർത്തൂർ | 06/2018 മുതൽ 03/2019 വരെ | 306*9=2754 |
| 8 | എൻ.എം.എസ്(ഒ)- | ശ്രീ. ജി.ജയൻ, | 12/2018 | 472*4=1888 |

| | | | | |
|---|---|---|---|---|
| | V | കുന്നംപുറത്ത് വീട്, കിളിമാനൂർ | മുതൽ 03/2019 വരെ | |
| 9 | എൻ.എം.എസ്(ഒ)-VI | ശ്രീ. ഗംഗാധരൻ, കുന്നംപുറത്ത് വീട്, കിളിമാനൂർ | 12/2018 മുതൽ 03/2019 വരെ | 537*4=2148 |
| 10 | എൻ.എം.എസ്(ഒ)-IX | ശ്രീ. ഗംഗാധരൻ, കുന്നംപുറത്ത് വീട്, കിളിമാനൂർ | 12/2018 മുതൽ 03/2019 വരെ | 468*4=1872 |
| 11 | ലോഡ്ജ്-3 | ശ്രീ. യു.എസ് സുജിത്ത്, ഉഷാമലരി, ഊമൻ പള്ളിക്കര | 06/2018 മുതൽ 03/2019 വരെ | 619*10=6190 |
| 12 | ലോഡ്ജ്-4 | ശ്രീ. പി.പി. രാജീവ്, മംഗലശ്ശേരി, തോട്ടയ്ക്കാട് | 06/2018 മുതൽ 03/2019 വരെ | 619*10=6190 |
| 13 | ലോഡ്ജ്-6 | ശ്രീ. അബ്ദുൾ ഹക്കിം, കിളിക്കൂട്ടിൽ, കാനറ | 04/2018 മുതൽ 03/2019 വരെ | 619*12=7428 |
| 14 | ലോഡ്ജ്-7 | ശ്രീ. ആർ.കെ. ബൈജു (വിലാസം രേഖപ്പെടുത്തിയിട്ടില്ല) | 04/2018 മുതൽ 03/2019 വരെ | 619*12=7428 |
| 15 | ലോഡ്ജ്-8 | ശ്രീ.സബീർ, സെക്രട്ടറി, കെ.പി.എസ്.റ്റി.എ. | 04/2018 മുതൽ 03/2019 വരെ | 619*12=7428 |
| 16 | ലോഡ്ജ്-9 | ശ്രീ.ഷാനിമോൻ, ബി.റ്റി.എസ് ഗാർഡൻ, പാങ്ങോട് | 04/2018 മുതൽ 03/2019 വരെ | 619*12=7428 |
| 17 | ലോഡ്ജ്-10 | ശ്രീ.ഷാജഹാൻ , കുന്നിൽ വീട്, തൊളിക്കുഴി | 04/2018 മുതൽ 03/2019 വരെ | 619*12=7428 |
| 18 | ലോഡ്ജ്-11 | ശ്രീ.രമാകാന്തൻ, ശ്രീവിശാഖ്, മഹാദേവേശ്വരം | 04/2018 മുതൽ 03/2019 വരെ | 619*12=7428 |

**ബി)വാടക കരാർ ചമച്ചിട്ടില്ല**

താഴെപ്പറയുന്ന കടമുറികൾ 2018-19 വർഷത്തേയ്ക്ക് വാടകയ്ക്ക് നൽകിയപ്പോൾ വാടക്കാരുമായി കരാർ ചമച്ചിട്ടില്ല.

| ക്രമ നം | കടമുറി നം | വാടകക്കാരന്റെ പേര്/ വിലാസം |
|---|---|---|
| 1 | എസ്.സി-XI | ശ്രീ.ലോഹിതദാസൻ, പൊയ്കവിള വീട്, കുന്നമ്മേൽ |

| | | |
|---|---|---|
| 2 | ഒ.എം.എസ് VI, VII | ശ്രീ.റാസലുദ്ദീൻ,<br>കുന്നിൽ പുത്തൻ വീട്,ശ്രീനിവാസപുരം |
| 3 | ഒ.എം.എസ്(ഒ)-1 | ശ്രീ.റഹീം,<br>ഈഞ്ചപ്പുരയിൽ വീട്, ആലംകോട് |
| 4 | ഒ.എം.എസ്(ഒ)-IV | ശ്രീ. വി.ശ്രീധരൻ,<br>ശ്രീ നിലയം, കിളിമാനൂർ |
| 5 | ലോഡ്ജ്-6 | ശ്രീ. അബ്ദുൾ ഹക്കിം,<br>കിളിക്കൂട്ടിൽ, കാനറ |
| 6 | ലോഡ്ജ്-7 | ശ്രീ.ആർ.കെ. ബൈജു<br>(വിലാസം രേഖപ്പെടുത്തിയിട്ടില്ല) |
| 7 | ലോഡ്ജ്-8 | ശ്രീ.സബീർ, സെക്രട്ടറി,<br>കെ.പി.എസ്. റ്റി.എ. |
| 8 | ലോഡ്ജ്-9 | ശ്രീ. ഷാനിമോൻ,<br>ബി.റ്റി.എസ് ഗാർഡൻ, പാങ്ങോട് |
| 9 | ലോഡ്ജ്-10 | ശ്രീ.ഷാജഹാൻ,<br>കുന്നിൽ വീട്, തൊളിക്കുഴി |
| 10 | ലോഡ്ജ്-11 | ശ്രീ. രമാകാന്തൻ,<br>ശ്രീവിശാഖ്, മഹാദേവേശ്വരം |

**സി) ഓഡിറ്റോറിയം, ഹാൾ തുടങ്ങിയവയുടെ വരവ് രേഖകൾ ഹാജരാക്കിയില്ല**

വാർഷിക ധനകാര്യ പത്രിക പ്രകാരം rent from auditoriums and halls എന്ന ഇനത്തിൽ 79858/- രൂപയും other rents എന്ന ഇനത്തിൽ 2,17,204/- രൂപയും വരവുണ്ട്. മേൽ ഇനങ്ങളുടെ രജിസ്റ്ററുകളും അനുബന്ധരേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 44/26.10.19ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടകയിനത്തിൽ ലഭിക്കാനുള്ള തുകകൾ പിഴപ്പലിശ സഹിതം പിരിച്ചെടുക്കാൻ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്വീകരിക്കുന്ന നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-28 തൊഴിൽ നികുതി-അപാകങ്ങൾ

**i) നിർദ്ദിഷ്ട മാതൃകയിൽ പത്രിക സമർപ്പിച്ചിട്ടില്ല**

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 14, 16 പ്രകാരം ഫാറം നമ്പർ II മാതൃകയിൽ സ്ഥാപനങ്ങൾ പത്രികകൾ സമർപ്പിക്കേണ്ടത്. എന്നാൽ എല്ലാ സ്ഥാപനങ്ങളും അപ്രകാരം സമർപ്പിച്ചിട്ടില്ലാത്തതിനാൽ ജീവനക്കാരുടെ വരുമാനയിനങ്ങളെല്ലാം ഉൾപ്പെടുത്തിയാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് ഉറപ്പാക്കാനായിട്ടില്ല. ഉദാഹരണമായി ഓഡിറ്റിന് ഹാജരാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ നിർദ്ദിഷ്ട മാതൃകയിലുള്ള പത്രിക സമർപ്പിച്ചിട്ടില്ല.

a)പോലീസ് സ്റ്റേഷൻ, കിളിമാനൂർ- ഒന്നും രണ്ടും അർദ്ധവർഷങ്ങൾ

b)കെ.എസ്.ഇ .ഡി ലിമിറ്റഡ് - രണ്ടാം അർദ്ധവർഷം

**ii) പത്രിക പൂർണ്ണമല്ല.**

ജീവനക്കാരുടെ വരുമാനം സംബന്ധിച്ച എല്ലാ രേഖപ്പെടുത്തലുകളും ഉൾപ്പെടെയാണ് സ്ഥാപനങ്ങൾ പത്രികകൾ സമർപ്പിക്കേണ്ടത്. അപ്രകാരം സമർപ്പിച്ചിട്ടില്ലാത്തതിനാൽ യഥാർത്ഥ വരുമാനത്തിനനുസരിച്ചാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് ഉറപ്പാക്കാനായില്ല. ഇത്തരത്തിലും

വരുമാന നഷ്ടത്തിന് സാധ്യതയുണ്ട്. ഉദാഹരണമായി ഓഡിറ്റിന് ഹാജരാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ മേൽ സൂചിപ്പിച്ച പ്രകാരം പത്രിക സമർപ്പിച്ചിട്ടില്ല.

a)എസ്.ബി.ഐ, കിളിമാനൂർ – രണ്ടാം അർദ്ധവർഷം

b)കെ.എസ്.എഫ്.ഇ കിളിമാനൂർ– രണ്ടാം അർദ്ധവർഷം

**iii)തൊഴിൽ നികുതി ഒടുക്കുവരുത്തിയിട്ടില്ല**

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2018-19 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | മിൽക്ക് സൊസൈറ്റി, പഴയകുന്നുമ്മേൽ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | നൂറുൽ ഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂൾ | രണ്ടാം അർദ്ധവർഷം |
| 3 | ജെ.എം.എഫ് ഫിനാൻസ് | രണ്ടാം അർദ്ധവർഷം |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.43/26.10.2019 ന് ലഭിച്ച മറുപടിയിൽ മേൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഒടുക്കാത്ത ജീവനക്കാരിൽ നിന്നും പിഴപ്പലിശ സഹിതം തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്ന പ്രക്രിയയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-29 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2018-19വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.15/23.10.19ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അംഗീകൃത കരാറുകാരും, ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത കരാറുകാരും തുടർച്ചയായ 60 ദിവസം തൊഴിലിൽ ഏർപ്പിട്ടിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ തൊഴിൽ നികുതി ഒടുക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ , ചട്ടം 10 പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും കരാറുകാർക്ക് നോട്ടീസ് നൽകുകയോ കരാറുകാർ തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. മേൽസാഹചര്യത്തിൽ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി അംഗീകരിക്കാവുന്നതല്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

# 1-30 റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും 2018-19 വർഷത്തേയ്ക്ക് തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 19/29.10.2019 ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 12റേഷൻകടകൾ പ്രവർത്തിക്കുന്നതായി അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-31 സ്ഥാപന തൊഴിൽ നികുതി - രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ നിഷ്കർഷിച്ച പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടക്കുവാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾപ്പെട്ട രജിസ്റ്റർ ഗ്രാമപഞ്ചായത്ത് കാലികമാക്കി സൂക്ഷിക്കുന്നില്ല. നികുതി ഒടുക്കിയ സ്ഥാപനങ്ങളുടെവിവരങ്ങൾ കൃത്യമായും രേഖപ്പെടുത്താത്തതിനാൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്താനും വാർഷിക കണക്കുകളിലെ തുകയുടെ ആധികാരികത പരിശോധിക്കാനും ഓഡിറ്റിന് സാധിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 43/26.10.2019ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസിനോടൊപ്പം സ്ഥാപനതൊഴിൽ നികുതി ഒടുക്ക് വരുത്തിയിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. മേൽ മറുപടി തൃപ്തികരമല്ല. സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും നികുതി ഒടുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കേണ്ടതുമാണ്.

# 1-32 ബി.എസ്.എൻ.എൽ ഓഫീസിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും 2018-19 വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 43/26.10.2019ന് ലഭ്യമാക്കിയ മറുപടിയിൽ, സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

# 1-33 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 266, 1999ലെ കേരള പഞ്ചായത്തിരാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം

പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2)പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം3(3)പ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ചാണ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെയാണ് പ്രവർത്തിച്ച് വരുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.26/23.10.19ന് ലഭിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ എടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ചട്ട ലംഘനം റിപ്പോർട്ട് ചെയ്യുന്നതിനും തടയുന്നതിനുമുള്ള സംവിധാനമൊരുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-34 ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു

2012 ലെ കേരള പഞ്ചായത്ത് രാജ്(ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ )ചട്ടങ്ങൾ , ചട്ടം 3(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിക്കുന്ന ലൈസൻസ് കൂടാതെ ഫാമുകൾ സ്ഥാപിക്കുവാനോ നടത്തിക്കൊണ്ട് പോകുവാനോ പാടുള്ളതല്ല. ഗ്രാമപഞ്ചായത്തിന്റെ 2018-19 സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് പരിധിയിൽ വിവിധ ഇനങ്ങളിൽ 5 ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയ്ക്ക് 2018-19 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | സ്വകാര്യം |
|---|---|---|
| 1 | ഡയറി ഫാം | 2 |
| 2 | ഇറച്ചിക്കോഴി | 3 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് 17/23.10.2019ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല എന്ന വിവരമാണ് അറിയിച്ചിട്ടുള്ളത്. മേൽ ഫാമുകൾക്ക് ലൈസൻസ് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-35 വളർത്തുനായകൾക്ക് ലൈസൻസ് നൽകുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ യാതൊരാളും നായ്ക്കളെ വളർത്താൻ പാടില്ല. 2018-19 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 1369 വളർത്തുനായ്ക്കൾ ഉള്ളതായും 34 എണ്ണത്തിന് ലൈസൻസ് ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 7 നായ്ക്കൾക്ക് മാത്രമാണ് 2018-19 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 22/23.10.2019ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വളർത്ത് നായ്ക്കൾക്ക് ലൈസൻസ് അനുവദിക്കുന്നതിനായി പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

# 1-36 യു.പി.എസ്. ബൈ ബാക്ക് തുക ലഭ്യമാക്കിയില്ല

പ്രോജക്ട് നം. SO 190/19

പേര് - പഞ്ചായത്ത് ഓഫീസിലേക്ക് 5KVA U.P.S ഉം ബാറ്ററിയും വാങ്ങൽ

അടങ്കൽ- തനത് ഫണ്ട് 1,50,000/-

ചെലവ്- 1,18,200/-(ചെക്ക് നമ്പർ 161971/25.03.2019)

നിർവ്വഹണം - സെക്രട്ടറി

ഗ്രാമപഞ്ചായത്തിൽ നിലവിൽ ഉപയോഗിച്ച് വരുന്നതും കാലപ്പഴക്കം കൊണ്ടും കാര്യക്ഷമത കുറഞ്ഞതുമായ 2KV UPSഉം 12V 60 AH ട്യൂബുലാർ ബാറ്ററി (10 എണ്ണം) ബൈബാക്ക് ചെയ്ത് 5KV UPSഉം 135AH ട്യൂബുലാർ ബാറ്ററിയും വാങ്ങുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഇലക്ട്രിക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥാപനത്തിൽ നിലവിലുണ്ടായിരുന്ന ട്യൂബുലാർ ബാറ്ററി, യു.പി.എസ് എന്നിവയുടെ മൂല്യം നിർണയിച്ചിട്ടുണ്ടെങ്കിലും യു.പി.എസിന്റെ മൂല്യനിർണയ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2.ഗ്രാമപഞ്ചായത്ത് 23.02.2019ൽ 4-ാം നം തീരുമാന പ്രകാരം അംഗീകരിച്ച HYKON India ltd ന്റെ ടെണ്ടറിൽ ആകെ ബൈബാക്ക് തുക 17,150/- രൂപ (ഒരു ബാറ്ററിക്ക് 1415-ആകെ പത്ത് ബാറ്ററി, യു.പി.എസിന് 3000) ആണ്. എന്നാൽ സ്ഥാപനത്തിന്റെ ഇൻവോയിസ് പ്രകാരമുള്ള ആകെ ബിൽ തുകയായ 1,32,350/- രൂപയിൽ നിന്ന് 10 ബാറ്ററിയുടെ ബൈബാക്ക് തുകയായ 14,150/- രൂപ മാത്രമേ കുറവ് ചെയ്തിട്ടുള്ളൂ. സ്ഥാപനത്തിന്റെ അംഗീകൃത ക്വട്ടേഷൻ പ്രകാരമുള്ള യു.പി.എസിന്റെ ബൈബാക്ക് തുക കുറവ് ചെയ്തിട്ടില്ല.ബൈബാക്ക് തുകയായ 3,000/- രൂപ ഏജൻസിയിൽ നിന്ന് തിരികെ ലഭ്യമാക്കേണ്ടതാണ്.

# 1-37 പഞ്ചായത്ത് ഓഫീസിലെ ജനറേറ്റർ- ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല

വൗച്ചർ നമ്പർ 21800224/29.6.18 പ്രകാരം പഞ്ചായത്ത് ഓഫീസ് ജനറേറ്ററിന് ഡീസൽ വാങ്ങിയതിന് 6,815/- രൂപ ചെലവഴിച്ചിട്ടുണ്ട്. ലോഗ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.54ന് 2018-19 വർഷം ജനറേറ്ററിന് ഡീസൽ നിറച്ച വകയിൽ ആകെ 6,815/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂവെന്നും 2018 ജൂണിന് ശേഷം ജനറേറ്റർ കേട് പാട് സംഭവിച്ച് കിടക്കുകയായിരുന്നുവെന്നും പ്രവർത്തനസജ്ജമായിട്ട് ഒരുമാസമേ അയിട്ടുള്ളൂവെന്നും ആയതിനാൽ ലോഗ് ബുക്ക് എഴുതി സൂക്ഷിക്കുന്നതാണ് എന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ജനറേറ്ററിന്റെ ലോഗ് ബുക്ക് എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-38 ജീവനക്കാരുടെ എസ്.എൽ.ഐ പ്രീമിയം കുറവായി അടവാക്കുന്നു

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരിൽ നിന്നും G.O (P) 149/16 /Fin dated 4.10.2016, G.O (P).112/2016/ Fin dated 01.08.2016 ഉത്തരവിനനുസൃതമായി അടിസ്ഥാന ശമ്പളത്തിനും ശമ്പള സ്കെയിലിനും ആനുപാതികമായല്ല എസ്.എൽ.ഐ പ്രീമിയം ഈടാക്കിയിരിക്കുന്നത്. ഉദാഹരണമായി 2018 മാർച്ച് മാസത്തെ എസ് .എൽ.ഐ പ്രീമിയം ഈടാക്കിയതിൽ (വൗച്ചർ നം. 21800002/3.4.18) താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും കുറവായാണ് തുക ഈടാക്കിയത്.

| ഉദ്യോഗസ്ഥന്റെ പേര്, | അടിസ്ഥാന | ഒടുക്കേണ്ട | ഒടുക്കിയത് | കുറവ് |
|---|---|---|---|---|

| തസ്തിക | ശമ്പളം | കുറഞ്ഞ തുക | | |
|---|---|---|---|---|
| രാധാമണി എം.ജി. (അസി.സെക്രട്ടറി) | 49200 | 500 | 405 | 95 |
| രാജീവ് ടി.കെ അക്കൗണ്ടന്റ് | 34800 | 300 | 150 | 150 |
| എം. അജയകുമാർ സീ.ക്ലർക്ക് | 29900 | 300 | 250 | 50 |
| ഷാലു.ജി സീ.ക്ലർക്ക് | 29200 | 300 | 250 | 50 |
| അരുൺകുമാർ ജി ലൈബ്രേറിയൻ | 26500 | 300 | 150 | 150 |
| അനിൽ കുമാർ ഇ.കെ ഓഫീസ് അസിസ്റ്റന്റ് | 25850 | 300 | 150 | 150 |
| എസ്.ഗീതാകുമാരി (ഫുൾ ടൈം സ്വീപ്പർ) | 21100 | 300 | 250 | 50 |
| ഖദീജാ ബീവി (ഫുൾ ടൈം സ്വീപ്പർ) | 21100 | 300 | 250 | 50 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 33 ന് അധിക പോളിസി എടുക്കുന്നതിന് അറിയിപ്പ് നൽകി തുടർന്നുള്ള ശമ്പള ബില്ലിൽ പ്രീമിയം തുക വർദ്ധിപ്പിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി എസ്.എൽ.ഐ പ്രീമിയം തുക അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-39 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- തുക തടസ്സം ചെയ്യുന്നു

2018-19 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വാട്ടർ അതോറിറ്റിയിൽ നടത്തിയ താഴെപ്പറയുന്ന നിക്ഷേപപ്രവൃത്തികളിൽ വിനിയോഗസാക്ഷ്യപത്രം, കൈപ്പറ്റ് രസീത് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | അടങ്കൽ തുക | ചെക്ക് / ബിൽ നമ്പർ | ചെലവ് തുക |
|---|---|---|---|---|---|
| 1 | SO217/19 | തട്ടത്തുമല ലക്ഷം വീട് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | തനത് ഫണ്ട് 2,93,600/- | 161976/27.3.19 | 2,93,200/- |
| 2 | SO171/19 | തുണ്ടിൽക്കടവ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | തനത് ഫണ്ട് 1,00,000/- | 3045277/14.11.18 | 1,00,000/- |
| 3 | SO172/19 | പോട്ടയിൽ അംഗൻവാടി ലൈൻ എക്സ്റ്റൻഷൻ | തനത് ഫണ്ട് 50,000/- | 3045277/14.11.18 | 50,000/- |
| 4 | SO181/19 | ചിറ്റിലഴികം | മെയിന്റനൻസ് ഫണ്ട് | 21/14.11.18 | 50,000/- |

| | | | | | |
|---|---|---|---|---|---|
| | | അങ്കണവാടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | റോഡ്തരം-50,000/- തനത് ഫണ്ട് 8,300/- | 3045277/14.11.18 | 8,300/- |
| 5 | SO109/19 | പണ്ടാരവിള-മുളക്കുറുഞ്ഞി ലൈൻ എക്സ്റ്റൻഷൻ, | ധനകാര്യ കമ്മീഷൻ ഗ്രാന്റ് 5,00,000/- | 8/16.6.18 | 5,00,000/- |
| 6 | SO108/19 | 110 കെ.വി കാനാറ കുടിവെള്ള പദ്ധതി കണക്ഷൻ | വികസനഫണ്ട്-3,00,000/- | 7/16.6.18 | 3,00,000/- |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 3 ന് കൈപ്പറ്റ് രസീതിയും വിനിയോഗസാക്ഷ്യപത്രവും ആവശ്യപ്പെട്ട് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 13,01,500/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-40 ജൈവ സമൃദ്ധി - തരിശുകൃഷി - പദ്ധതി ലക്ഷ്യം കണ്ടില്ല

പ്രോജക്ട് നം.00110/19 അടങ്കൽ തുക - 1,20,000/-

ചെലവ്

വികസന ഫണ്ട് - 45,000/- 12,000/-

ബ്ളോക്ക് വി. - 22,500/- 6000/-

ജി. പ. വി. - 22,500/- 6000/-

ഗുണ. വി. - 30,000/-(നേരിട്ട്)

ജില്ലാ, ബ്ളോക്ക് പഞ്ചായത്തുകൾ സംയുക്തമായി ഹെക്ടറിന് 30,000/- രൂപ സബ്സിഡി അനുവദിച്ച് 3 ഹെക്ടർ സ്ഥലത്തെ തരിശു ഭൂമിയിൽ കൃഷി നടപ്പിലാക്കുന്ന പദ്ധതിയിൽ, ഫയലിനൊപ്പം ഹാജരാക്കിയ രേഖകൾ പ്രകാരം 'ആതിര' എന്ന ഗ്രൂപ്പിന് ശ്രീമതി. സതീബായി 98 സെന്റ് സ്ഥലവും, പൂങ്കാവനം ഗ്രൂപ്പിന് ശ്രീ.നാസറുദ്ദീൻ 47സെന്റ് സ്ഥലവും, പുലരി ഗ്രൂപ്പിന് ശ്രീ.നസറുദ്ദീൻ 61 സെന്റ് സ്ഥലവും കൃഷിക്കായി വിട്ടുനൽകിയെങ്കിലും 20സെന്റ് വീതം സ്ഥലം മാത്രമാണ് കൃഷിക്ക് ഉപയുക്തമാക്കാൻ സാധിച്ചിട്ടുള്ളത്. ഇപ്രകാരം കൃഷി സ്ഥലം ലഭ്യമായിരുന്നിട്ടും 750 സെന്റ് തരിശു ഭൂമിയിൽ കൃഷി ഉദ്ദേശിച്ചിരുന്നതിൽ 200 സെന്റ് സ്ഥലത്തുമാത്രമാണ് ലക്ഷ്യം കൈ വരിക്കാൻ സാധിച്ചിട്ടുള്ളത്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പച്ചക്കറി ഉല്പാദനത്തിലെ കുറവ് അതീവഗുരുതരമായ പഞ്ചായത്തിൽ 10 ഹെക്ടർ കൃഷിയോഗ്യമായ കൃഷി ചെയ്യാത്ത സ്ഥലം ലഭ്യമായിരിക്കെ കൃഷി അനുബന്ധമേഖലകളും വർക്കിംഗ് ഗ്രൂപ്പിന്റെ ക്രിയാത്മകമായ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്.

# 1-41 ഖരമാലിന്യ നിർമ്മാർജ്ജനം- രേഖകൾ പൂർണമല്ല

പ്രോജക്ട് നം. SO183/19

പേര് - ഖരമാലിന്യ നിർമ്മാർജ്ജനം

അടങ്കൽ- തനത് ഫണ്ട് 30,000/-

പഴയകുന്നമ്മേൽ പ്രദേശത്തെ മാലിന്യം നീക്കം ചെയ്യുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ എ.ഇയുടെ എസ്റ്റിമേറ്റ് പ്രകാരം 30,000/- രൂപയാണ് നിശ്ചയിച്ചിരുന്നത്. ക്വട്ടേഷൻ ക്ഷണിച്ചതിൽ ശ്രീ. വിനോദ് എന്നയാളുടെ ക്വട്ടേഷൻ 2.11.18ലെ തീരുമാനം 2(7) പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ചെക്ക് (നം. 3045280/14.11.2018) പ്രകാരം 30,000/- രൂപ തനത് ഫണ്ടിൽ നിന്ന് ശ്രീ. വിനോദിന് നൽകിയിട്ടുണ്ട്. എന്നാൽ ചെയ്ത പ്രവൃത്തിയുടെ മൂല്യം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 5 ന് മൂല്യനിർണയ സാക്ഷ്യപത്രം വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിലുള്ള പ്രവൃത്തികൾ നടത്തുമ്പോൾ മൂല്യ നിർണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തുക നൽകുന്നതിനും പ്രവൃത്തികൾ കൃത്യമായി മോണിറ്ററിംഗ് ചെയ്യുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-42 പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ്- അപാകതകൾ

പ്രോജക്ട് നം. SO 0001/19

പേര് - പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ്

അടങ്കൽ- തനത് ഫണ്ട് 31,491/-

വികസനഫണ്ട് – 2,68,509/-

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ചെലവ് തുക- ബിൽ നം. 5/14.6.18-13,500/-

ബിൽ നം. 4/14.6.18-47,600/-

ബിൽ നം. 3/14.6.18-8075

ബിൽ നം. 14/23.8.18-10,000/-

ബിൽ നം. 36/28.3.19-63,975/-

ബിൽ നം. 27/27.12.18-5,950/-

ബിൽ നം. 28/27.12.18-37,985/-

ബിൽ നം. 29/29.1.19-34,100/-

ബിൽ നം. 26/27.12.18-9,300/-

ചെക്ക് നം. 3056420/28.03.19 -31,384/-

എ)മേൽ പദ്ധതി പ്രകാരം പ്രിന്റിംഗ് പ്രവൃത്തികൾക്കായി വിവിധ സ്ഥാപനങ്ങളെ ക്വട്ടേഷൻ വഴി തെരഞ്ഞെടുത്ത് തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ചെലവിന്റെ വിശദാംശം | നൽകിയ സ്ഥാപനം | റിമാർക്സ് |
|---|---|---|
| ബിൽ നം. 4/14.6.18-47600- | റെയിൻബോ പ്രിന്റേഴ്സ് | വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള അപേക്ഷാഫോറം |
| [illegible] | [illegible] | |

| | | |
|---|---|---|
| ബിൽ നം. 3/14.6.18-8075 | സൂര്യ പ്രിന്റേഴ്സിന് നൽകിയത് | ഗ്രാമസഭായോഗം നോട്ടീസ് |
| | 41,800/- രൂപ | |
| ബിൽ നം. 36/28.3.19-63975 | എണ്ണക്കാട്ടു ഡിജിറ്റൽ ഓഫ് സെറ്റ് പ്രസിന് നൽകിയത് | ഗുണഭോക്തൃ അപേക്ഷാ ഫോറം |
| തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച 31384 (ചെക്ക് നം. 3056420/28.03.19 ) | 7,500/- രൂപ റെയിൻബോ ഗ്രാഫിക്സിന് നൽകിയിരിക്കുന്നു | കരട് പദ്ധതി രേഖ, അന്തിമ പദ്ധതി രേഖ, സ്റ്റാറ്റസ് റിപ്പോർട്ട് |
| ബിൽ നം.20/27.12.18-9300 | റെയിൻബോ ഗ്രാഫിക്സ് | കരട് പത്രിക രേഖ |

മേൽ പ്രോജക്റ്റ് പ്രകാരം (ലഭ്യമാക്കിയ ചെലവ് രേഖകൾ പ്രകാരം) ആകെ 1,14,275/- രൂപ പ്രിന്റിംഗ് ചെലവുകൾക്കായി വിനിയോഗിച്ചിട്ടുണ്ട്.

ജി.ഒ(പി) നം. 269/2010/ത.സ്വ.ഭ.വ തീയതി 8.11.2010 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതാണ്. സ.ഉ(പി) നം. 03/2013/എസ്.പി.ഡി തീയതി 21.06.2013 ഖണ്ഡിക 2.3 പ്രകാരം യഥാർത്ഥ ആവശ്യകതയ്ക്കനുസരിച്ച് ഉന്നതാധികാരികളിൽ നിന്നും ലഭ്യമാക്കേണ്ട വാങ്ങൽ അനുമതി ഒഴിവാക്കുന്നതിനായി വാങ്ങലിനുള്ള ആവശ്യകത ചെറിയ ഘടകങ്ങളായി വിഭജിക്കാൻ പാടില്ല. ജി.ഒ(പി) നം. 269/2010/ത.സ്വ.ഭ.വ തീയതി 8.11.2010 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം ഒരു ലക്ഷത്തിനു മുകളിലുള്ള വാങ്ങലുകൾക്കും സേവനങ്ങൾക്കും ഓപ്പൺ ടെണ്ടർ ക്ഷണിക്കേണ്ടതാണ്. ഒരു ലക്ഷത്തിനു മുകളിൽ ചെലവു വന്ന മേൽ പ്രവൃത്തിയിൽ ടെണ്ടർ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4 ന് മേൽ മാർഗ്ഗരേഖയിലെ ഖണ്ഡിക 2.3(ഇ) പ്രകാരം മൊത്തമായി ആവശ്യമില്ലാത്ത പലവക സാധനങ്ങൾ ആവശ്യാനുസരണം വിവിധ ഘട്ടങ്ങളിൽ വാങ്ങാവുന്നതാണെന്നും അതിനാലാണ് അപ്രകാരം ചെയ്തതെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ഗ്രാമസഭാ നോട്ടീസ്, ഗുണഭോക്തൃ അപേക്ഷാഫോറം , കരട് പദ്ധതി രേഖ, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ ആവശ്യമില്ലാത്ത പലവക സാധനങ്ങളാണെന്ന മറുപടി അംഗീകരിക്കാൻ കഴിയില്ല, സർക്കാർ നിർദ്ദേശപ്രകാരം ഒരു ലക്ഷത്തിനു മുകളിലുള്ള വാങ്ങലുകൾക്കും സേവനങ്ങൾക്കും ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) ബിൽ ബുക്ക് പ്രകാരം ബിൽ നം. 27/27.12.2018-5950/-, ബിൽ നം. 28/27.12.18-37985/-, ബിൽ നം. 29/1/19-34100 എന്നിങ്ങനെ തുക പിൻവലിച്ചിട്ടുണ്ട്. അയതിന്റെ ചെലവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവു രേഖകളുടെ അഭാവത്തിൽ 78,035/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. ചെലവ് രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-43 ഇലക്ട്രിഫിക്കേഷൻ നടത്താത്ത കെട്ടിടത്തിന് മുൻകൂറായി ഫാൻ വാങ്ങി

പ്രോജക്റ്റ് നം. SO 175/19

പേര് - രാജാരവിവർമ്മ ആർട്ട് ഗ്യാലറിയിലേക്ക് ഫാൻ വാങ്ങൽ

അടങ്കൽ- തനത് ഫണ്ട് 35,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ചെലവ് തുക – ചെക്ക് നം. 161975/26.3.19- 28,000/-

രാജാരവിവർമ്മ ആർട്ട്ഗ്യാലറിയിലേക്ക് ഫാൻ വാങ്ങുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ ക്വട്ടേഷൻ ക്ഷണിച്ച് 10 ഫാനുകൾ 28,000/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. അവ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും വിതരണം ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 6 ന് 2019-20 സാമ്പത്തികവർഷം പ്രോജക്റ്റ് നം. 249/20 പ്രകാരം ആർട്ട് ഗ്യാലറി ഇലക്ട്രിഫിക്കേഷനും മരാമത്ത് പ്രവൃത്തിയ്ക്കായും 1,00,000/- രൂപ വകയിരുത്തിയിട്ടുണ്ടെന്നും ജില്ലാപഞ്ചായത്ത് ഇലക്ട്രിക്കൽ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും 60,000/- രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടെണ്ടർ / ക്വട്ടേഷൻ നടപടികളിലൂടെ പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിന് ശേഷം ഫാൻ സ്ഥാപിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഫാനുകളുടെ വാറണ്ടി കാർഡ് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 61 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇലക്ട്രിഫിക്കേഷൻ നടത്താത്ത കെട്ടിടത്തിൽ സ്ഥാപിക്കുന്നതിനായി ഫാൻ വാങ്ങിയ നടപടി അംഗീകരിക്കാൻ കഴിയുന്നതല്ല. ആർട്ട് ഗ്യാലറി ഇലക്ട്രിഫിക്കേഷൻ നടത്തി ഫാനുകൾ സ്ഥാപിച്ച് രണ്ട് മാസത്തിനകം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആയതുവരെ പ്രസ്തുത തുക തടസ്സം ചെയ്യുന്നു.

# 1-44 പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് ബസ്സ്റ്റാന്റിൽ കോണ്ടൂർ സ്കെച്ച്- അപാകതകൾ

പ്രോജക്റ്റ് നം. SO 64/19

പേര് - പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് ബസ്സ്റ്റാന്റിൽ കോണ്ടൂർ സ്കെച്ച്

അടങ്കൽ- തനത് ഫണ്ട് 50,000/-

ചെലവ് തുക- ചെക്ക് നം.161974/26.3.19

ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് സ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായ കോണ്ടൂർ സ്കെച്ച് തയ്യാറാക്കുന്നതിന് വേണ്ടി അംഗീകൃത ഏജൻസിയിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ച് സ്കെച്ച് തയ്യാറാക്കുന്നതിനും പഞ്ചായത്തിന്റെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥനായ എ.ഇയുടെ സാങ്കേതിക പരിശോധനാ റിപ്പോർട്ടിന്റെയും സ്ട്രക്ചറൽ ഫീസിബിലിറ്റി റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ കമ്മിറ്റി തീരുമാനത്തിന് വിധേയമായി നടപ്പിലാക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. 48,500/- രൂപ ചെലവിൽ കോണ്ടൂർ സ്കെച്ച് തയ്യാറാക്കിയിട്ടുണ്ടെങ്കിലും സാങ്കേതിക പരിശോധനാറിപ്പോർട്ട്, സ്ട്രക്ചറൽ ഫീസിബിലിറ്റി റിപ്പോർട്ട് എന്നിവ തയ്യാറാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 6 ന് പ്രോജക്റ്റ് ഫോറത്തിലെ ഖണ്ഡിക 39(എ), 42 എന്നിവയിൽ വിവരണം രേഖപ്പെടുത്തിയപ്പോൾ അപ്രകാരം തെറ്റായി രേഖപ്പെടുത്തിയതാണെന്നും കോണ്ടൂർ ഡ്രോയിംഗിന്റെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുക്കുന്ന സ്ഥലത്ത് എ.ഇയുടെ സാങ്കേതിക പരിശോധനാ റിപ്പോർട്ടും സ്ട്രക്ചറൽ ഫീസിബിലിറ്റി റിപ്പോർട്ടും തയ്യാറാക്കുന്നതെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. സ. ഉ.(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ക്രമ നം. 3.5,1(5) ൽ ഓരോ പ്രോജക്റ്റും ഡാറ്റാ എൻട്രി ചെയ്യുന്നതിനുമുൻപ് ശ്രദ്ധിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ലഭ്യമാക്കിയ മറുപടിയിൽ നിന്നും മേൽ ഉത്തരവ് പാലിച്ചല്ല പ്രോജക്റ്റ് തയ്യാറാക്കിയിരിക്കുന്നതെന്ന് വ്യക്തമാണ്. ഭാവിയിൽ പ്രോജക്റ്റുകൾ തയ്യാറാക്കുമ്പോൾ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതും മേൽ പദ്ധതിയുടെ തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

# 1-45 കടമ്പ്രവാരം കുടിവെള്ള പദ്ധതി - തുടർ നടപടികൾ അനിവാര്യം

കടമ്പ്രവാരം പട്ടികജാതി കോളനിയിലെ കുടിവെള്ള പദ്ധതിക്കായി 18-19 വർഷം രണ്ട് പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കി.

വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | അടങ്കൽ തുക |
|---|---|
| S0123/19 | വികസനഫണ്ട് - 7,65,814/- |
| S0043/19 | വികസനഫണ്ട് (SCP)-1,00,000/- |

7,59,472/- രൂപ ചെലവഴിച്ച പ്രസ്തുത കുടിവെള്ള പദ്ധതി നിഷ്ക്രിയാവസ്ഥയിലാണ്. കുഴൽക്കിണറിൽ നിന്ന് ലഭിക്കുന്ന വെള്ളം കുടിക്കാൻ അനുയോജ്യമല്ലാത്തതിനാൽ ഉപയോഗിക്കുന്നില്ല. ആയതിനാൽ തന്നെ വൈദ്യുതി ചാർജ് അടയ്ക്കാതിരിക്കുകയും വൈദ്യുതബന്ധം വിഛേദിച്ച അവസ്ഥയിലുമാണ്. പദ്ധതിക്കായി നിർമ്മിച്ച ടാങ്ക് സ്വകാര്യ വ്യക്തിയുടെ പുരയിടത്തിലാണ് സ്ഥാപിച്ചിരിക്കുന്നത്. അനുയോജ്യമായ തുടർപ്രവർത്തനങ്ങൾ നടത്തി കുടിവെള്ളം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-46 അംഗീകാരം വാങ്ങിയ പ്രവൃത്തികൾ നടപ്പാക്കുന്നില്ല - വകയിരുത്തുന്ന ഫണ്ട് ചെലവഴിക്കുന്നില്ല

2018-19 സാമ്പത്തിക വർഷം 102 മരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം വാങ്ങിയിരുന്നു. എന്നാൽ 31 പ്രവൃത്തികൾ നടപ്പാക്കിയില്ല. അവയിൽ സ്പിൽ ഓവർ പ്രവൃത്തികളുമുണ്ട്. ജി.ഒ.(എം.എസ്) നമ്പർ 72/2017/ തസ്വഭവ തീയതി 29-3-2017 പദ്ധതി മാർഗരേഖ ഖണ്ഡിക 6.8(2)ൽ സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ അതേ വർഷംതന്നെ നിർബന്ധമായും പൂർത്തീകരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ചുവടെപ്പറയുന്ന പ്രവൃത്തികൾ തൻവർഷം നടപ്പാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | 27/19 | കൃഷി ഓഫീസ് അനുബന്ധപണികളും ആത്മസെന്ററും | |
| 2 | 34/19 | സരളഹോസ്പിറ്റൽ മാടൻനട റോഡ് പുനരുദ്ധാരണം | |
| 3 | 36/19 | മടപ്പിലാംകോണം കലുങ്ക് നിർമ്മാണം | |
| 4 | 39/19 | പോളച്ചിറ റോഡ് കോൺക്രീറ്റും സ്റ്റെപ്പ് നിർമ്മാണവും | |
| 5 | 41/19 | കുഴിവിള ഇരപ്പിൽ പാലം രണ്ടാംഘട്ടം നിർമ്മാണം | |
| 6 | 45/19 | പാപ്പാല – വെട്ടിയിട്ടകോണം റോഡ് റീടാറിംഗ് | |
| 7 | 48/19 | ഈഞ്ചവിള – ഇടക്കുന്ന് റോഡ് റീടാറിംഗ് | |
| 8 | 49/19 | അടയമൺ - പാപ്പമൺ റോഡ് റീ ടാറിംഗ് | |

| | | | |
|---|---|---|---|
| 9 | 53/19 | പറണ്ടക്കുഴി അംഗൻവാടി പുനരുദ്ധാരണം | |
| 10 | 55/19 | ഹോമിയോ ആശുപത്രി പുനരുദ്ധാരണം | |
| 11 | 57/19 | ആരാധന അംഗൻവാടി പുനരുദ്ധാരണം | |
| 12 | 136/19 | പറണ്ടക്കുഴി അംഗൻവാടി നിർമ്മാണം | സ്പിൽ ഓവർ |
| 13 | 152/19 | കുന്നമ്മേൽ സാംസ്കാരിക നിലയം നിർമ്മാണം | സ്പിൽ ഓവർ |
| 14 | 154/19 | മാർക്കറ്റിലെ ടോയിലറ്റ് അനുബന്ധപണികൾ | സ്പിൽ ഓവർ |
| 15 | 167/19 | പഞ്ചായത്ത് ഓഫീസ് നവീകരണം - സെർവ്വർ റൂം സജ്ജീകരിക്കൽ | |
| 16 | 169/19 | പഞ്ചായത്ത് ഓഫീസ് നവീകരണം - യു.പി.എസ്.,ബാറ്ററി എന്നിവ സൂക്ഷിക്കുന്നതിന് റൂം സജ്ജീകരിക്കൽ | |
| 17 | 170/19 | പഴയകുന്നമ്മേൽ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ് കിണർ നവീകരണവും പേ & യൂസ് ടോയിലറ്റിനനുബന്ധിച്ച് കളക്ഷൻ സെന്റർ സ്ഥാപിക്കലും | |
| 18 | 202/19 | സ്വച്ഛ് ഭാരത് മിഷൻ(ഗ്രാമീൺ)പദ്ധതി- പഴയകുന്നമ്മേൽ പഞ്ചായത്ത് ബസ് സ്റ്റാന്റിൽ പൊതു ശൗചാലയസമുച്ചയ നിർമ്മാണം | |
| 19 | 203/19 | പകൽവീട് പുനരുദ്ധാരണം | |
| 20 | 205/19 | സ്കൂളുകളിൽ തുമ്പൂർമൂഴി മോഡൽ എയ്റോബിക് കമ്പോസ്റ്റിംഗ് സംവിധാനം | |

മേൽ പ്രവൃത്തികളിൽ ക്രമ നമ്പർ 1, 2, 3, 4, 9, 10, 19 എന്നിവ 18-19 വർഷം പൂർത്തീകരിച്ചെങ്കിലും ഫണ്ടിന്റെ അഭാവം മൂലം പേയ്മെന്റ് നടത്താൻ സാധിക്കാഞ്ഞതാണെന്നും 19-20 വർഷം പേയ്മെന്റ് നടത്തിയിട്ടുള്ളതാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 02/21.10.2019 ന്റെ മറുപടി). സ്വഛ് ഭാരത് മിഷൻ പദ്ധതിയുടെ ഭാഗമായി ബസ് സ്റ്റാന്റിൽ പൊതു ശൗചാലയ സമുച്ചയം നിർമ്മിക്കുന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി കളക്ഷൻ സെന്റർ നിർമ്മിക്കുന്നതിനാൽ 170/19 -ാം നമ്പർ പ്രോജക്ട് റദ്ദ് ചെയ്യുകയുണ്ടായി.

കുന്നമ്മേൽ സാംസ്കാരിക നിലയം നിർമ്മാണം പ്രവൃത്തി ആവശ്യമായ നിയമാനുസൃത സ്ഥലം ലഭ്യമാകാത്തതിനാൽ ഭരണ സമിതി തീരുമാനം നമ്പർ 1(2)/28.05.2019പ്രകാരം റദ്ദ് ചെയ്തിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. നിർമ്മാണത്തിന് ആവശ്യമുള്ള സ്ഥലം ലഭ്യമാകാതെ രണ്ട് വർഷങ്ങളിൽ പ്രോജക്ട് രൂപീകരിച്ച് ഫണ്ട് വകയിരുത്തി അംഗീകാരം വാങ്ങിയതിന് വിശദീകരണം ആവശ്യമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം വാങ്ങിയ പ്രോജക്ടുകളുടെ ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 850000 | 718838 | 85 |
| വികസനഫണ്ട്-SCP | 5474101 | 4726188 | 86 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 10371073 | 8099000 | 78 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2382578 | 0 | 0 |

| | | | |
|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1230000 | 749981 | 61 |
| തനത്ഫണ്ട് | 4784726 | 3392506 | 71 |
| മറ്റുള്ളവ | 988000 | 294156 | 30 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 7131989 | 4965000 | 70 |
| മെയിന്റനൻസ് ഫണ്ട്(റോഡിതരം) | 4109567 | 2342329 | 57 |
| **ആകെ** | **37322034** | **25287998** | **68** |

വകയിരുത്തുന്ന ഫണ്ടുകളുടെ പൂർണമായ വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

# 1-47 സ്ഥല പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കുലർ നമ്പർ ഇ20/6699/2018/ സി.ഇ/തസ്വഭവ തീയതി 21.06.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുംമുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്.

18-19 വർഷം നടപ്പാക്കിയ മിക്ക പ്രവൃത്തികളിലും ഇവയൊന്നും പാലിക്കാത്തതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നിട്ടുണ്ട്.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) <u>കടമ്പ്രവാരം കുടിവെള്ള പദ്ധതി (S0043/19)</u>

ആദ്യ എസ്റ്റിമേറ്റിൽ ഇനം 1ൽ 50 mm dia PVC പൈപ്പും ഇനം 2ൽ 40 mm dia PVC പൈപ്പും, 20മീറ്റർ വീതം നീളത്തിലും ഇനം 3ൽ 32mm dia PVC പൈപ്പ് 158 മീറ്റർ നീളത്തിലും സ്ഥാപിക്കാനായിരുന്നു തുക വകയിരുത്തിയിരുന്നത്. വീടുകളിലേക്ക് കണക്ഷൻ നൽകുന്നതിന് 32mm പൈപ്പ് മാത്രം ഉപയോഗിച്ചാൽ മതിയെന്നുള്ളതിനാൽ 1,2 എന്നീ ഇനങ്ങൾ ഒഴിവാക്കി ഇനം 3ൽ 158 മീറ്റർ എന്നത് 416 മീറ്ററായി എസ്റ്റിമേറ്റ് പുതുക്കി.

ബി) <u>തൊളിക്കുഴി - തോപ്പിൽ കുടിവെള്ള പദ്ധതി( S0166/19)</u>

ഇനം 4 പ്രകാരം Constructing hydrant with tap and construction of hydrant platform including all materials and labour 4 എണ്ണത്തിന് 1137.38രൂപ നിരക്കിൽ 4549.52 രൂപ വകയിരുത്തിയിരുന്നുവെങ്കിലും എം-ബുക്ക് പേജ് നമ്പർ 1,3,6 എന്നിവ പ്രകാരം 2 എണ്ണമാണ് സ്ഥാപിച്ചിട്ടുള്ളത്.(നാല് ടാപ്പുകൾ സ്ഥാപിച്ചെങ്കിലും റോഡ് വീതി കൂട്ടിയപ്പോൾ രണ്ടെണ്ണം മാറ്റേണ്ടിവന്നെന്നാണ് വിശദീകരണം - ഓഡിറ്റ് എൻക്വയറി നമ്പർ 31/24.10.2019).

പ്രവൃത്തി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശങ്ങളും സർക്കുലറുകളും പാലിക്കേണ്ടതാണ്.

# 1-48 മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ട് രൂപീകരണത്തിന് ആധാരമാക്കേണ്ട രേഖകൾ

# നിലവിലില്ല

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള തുടർ നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി വരികയാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ 02/21.10.2019). കൊച്ചുപാലം നടപ്പാലം മെയിന്റനൻസ് പ്രവൃത്തിയുടെ (SO133/19) 2016-17 വർഷത്തെ പ്രോജക്ട് പ്രൊഫോമയിൽ ആസ്തി യുണീക്ക് നമ്പരായി 123310050000000005 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ലഭ്യമാക്കിയ ആസ്തി രജിസ്റ്ററിൽ പ്രസ്തുത ആസ്തിയെ സംബന്ധിച്ച രേഖപ്പെടുത്തൽ കാണുന്നില്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഓ(എം.എസ്) നം.72/2017/ത.സ്വ.ഭ.വ തീയതി 29-03-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം. എന്നാൽ ഗ്രാമപഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി മാപ്പ്, പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടില്ല. R-TRACK എന്ന സോഫ്റ്റ് വെയറിൽ റോഡ് കണക്ടിവിറ്റി ചെയ്തുകൊണ്ടിരിക്കുകയാണെന്നാണ് വിശദീകരണം.

ആസ്തി രജിസറ്റർ കാലികമാക്കുന്നതിന്റെയും റോഡ് കണക്ടിവിറ്റി പ്ലാനിന്റെയും പ്രവർത്തന പുരോഗതി ലഭ്യമാക്കേണ്ടതാണ്.

# 1-49 യഥാർത്ഥ ചെലവ് ഉറപ്പാക്കാതെ ഗുണഭോക്തൃ സമിതിക്ക് തുക നൽകി

സർക്കുലർ നമ്പർ 1/1559/2010/സി.ഇ./ത.സ്വ.ഭ.വ. തീയതി 132.11.2014 പ്രകാരം ഗുണഭോക്തൃ സമിതി ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾക്ക് വാങ്ങുന്ന സാധനങ്ങൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനം, യന്ത്ര സാമഗ്രികളുടെ വാടക തുടങ്ങിയവ സംബന്ധിച്ച കണക്കുകൾ, മസ്റ്റർ റോൾ, മിനിട്ട് ബുക്ക് എന്നിവ കൺവീനർ തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഗുണഭോക്തൃസമിതിക്ക് പണം നൽകുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് ആതായിരിക്കുമെന്നുണ്ട്. എന്നാൽ വിവിധ കൺവീനർ പ്രവൃത്തികൾക്ക് ഫയലിൽ സൂക്ഷിച്ചിട്ടുള്ള ചെലവ് രേഖകളെക്കാൾ കൂടുതൽ തുക നൽകിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) കൊച്ചുപാലം നടപ്പാലം മെയിന്റനൻസ്

പ്രോജക്ട് നമ്പർ - SO133/19

അടങ്കൽ തുക - 1,00,000/-(മെയിന്റനൻസ് ഫണ്ട്)

കൺവീനർ - കെ.വി.പ്രകാശ്

എം.ബുക്ക് നമ്പർ - 306/17-18

ചെലവ് തുക - 48,947/- (ബിൽ നമ്പർ 10/17.05.2018)

ഗുണഭോക്തൃ സമിതിയുടെ ചെലവായി പെയിന്റ് വാങ്ങിയതിന്റെ ബിൽ (ഇൻവോയിസ് നമ്പർ 265/02.11.2018), മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ സമിതിയുടെ ചെലവ് 29694.46 രൂപ യാണ്.

ബി) അടയമൺ പ.എച്ച്.സി ഫാർമസി ശീതീകരിക്കൽ

പ്രോജക്ട് നമ്പർ - SO126/19

അടങ്കൽ തുക - വികസന ഫണ്ട് - 30,000/-

മെയിന്റനൻസ് ഫണ്ട് - 97,500/-

ആകെ - 1,27,500/-

കൺവീനർ - ഷിജിത്ത്

എം.ബുക്ക് നമ്പർ -

ചെലവ് തുക -

ചെലവ് വൗച്ചറായി സെപ്റ്റിക് ടാങ്കും മറ്റും വാങ്ങിയതിന്റെ 38,429/- രൂപയുടെ ബിൽ (Dubai Traders, നിലമേൽ - ബിൽ നമ്പർ B-4/02.12.18) മാത്രമാണ് സൂക്ഷിച്ചിരിക്കുന്നത്. പ്രസ്തുത പ്രവൃത്തിക്കായി സാധനങ്ങൾ വാങ്ങിയതിന്റെയും ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും വിവരങ്ങളും മസ്റ്റർ റോളുകളും അനുബന്ധ രേഖകളൊന്നും തന്നെയില്ല. ഫാർമസിയിൽ രണ്ട് ഏസികൾ സ്ഥാപിച്ചതായും (ഇക്കാര്യം സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്) സെപ്റ്റിക് ടാങ്കിന്റെ ബിൽ തെറ്റായി ഫയൽ ചെയ്തതാണെന്നും ബില്ലുകളും അനുബന്ധ രേഖകളും സമർപ്പിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 51/28.10.2019ന്റെ മറുപടി).

ഗുണഭോക്തൃ സമിതിയുടെ ചെലവ് വൗച്ചറുകൾക്ക് അനുസൃതമായി മാത്രം തുക നൽകേണ്ടതാണ്. മേൽ പ്രവൃത്തിയുടെ ചെലവിന് ആധാരമായ വൗച്ചറുകൾ ലഭ്യമാക്കേണ്ടതാണ്.

# 1-50 ജലശ്രീ - കിണർ റീ-ചാർജിംഗ് - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

പ്രോജക്ട് നം.00123/19

അടങ്കൽ തുക 12,00,000/-

ചെലവ്

വി.ഫ. - 5,40,000/- 79,200/-

ബ്ളോക്ക് പ. വി. - 2,16,000/- 31,680/-

ജി.പ. വിഹിതം - 3,24,000/- 47,520/-

ഗു.വി. - 1,20,000/-(നേരിട്ട് ചെലവഴിക്കുന്നത്)

ജില്ലാ പഞ്ചായത്തും ബ്ളോക്ക് പഞ്ചായത്തും ഗ്രാമ പഞ്ചായത്തും സംയുക്തമായി 90% സബ്സിഡി അനുവദിച്ച് നടപ്പിലാക്കാൻ വിഭാവനം ചെയ്ത പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 14.05.18-ലെ പഞ്ചായത്ത് മീറ്റിംഗ് 1-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് അംഗീകരിച്ച് ലഭ്യമാക്കിയ 143 ഗുണഭോക്താക്കളുടെ ലിസ്റ്റിന് പുറമെ 23.02.19-ലെ സാധാരണ മീറ്റിംഗിലെ 1(11) നമ്പർ തീരുമാനപ്രകാരം തുടർന്ന് വരുന്ന ഗ്രാമസഭയിൽ അംഗീകാരം നേടേണ്ടതാണെന്ന പ്രസിഡന്റിന്റെ നിർദ്ദേശത്തോടെ ശ്രീമതി.ലളിത, ശ്രീമതി.ലളിതമ്മ എന്നീ ഗുണഭോക്താക്കളെ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. മേൽ ഗുണഭോക്താക്കളെ തുടർന്ന് വന്ന ഗ്രാമ സഭയിൽ അംഗീകരിച്ചതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.30-ന് കൃഷി ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ അധിക ലിസ്റ്റിൽ ഉൾപ്പെടുത്തിയ ഗുണഭോക്താക്കളെ അടുത്ത ഗ്രാമ സഭയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്നും വാർഡ് ഗ്രാമസഭ മിനിട്സ് പരിശോധിക്കാവുന്നതാണെന്നുമാണ് അറിയിച്ചത്. എന്നാൽ, ഗ്രാമസഭ മിനിട്സിൽ അത്തരം രേഖപ്പെടുത്തൽ ലഭ്യമല്ല. പഞ്ചായത്ത് വെബ്സൈറ്റിലെ ഗുണഭോക്തൃ ലിസ്റ്റിലും മേൽ ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി58-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2. ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 143 ഗുണഭോക്താക്കൾ ഉണ്ടായിരിക്കെ 150 ഗുണഭോക്താക്കൾക്കായി 12,00,000/- വകയിരുത്തി പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം 22 ഗുണഭോക്താക്കളിലായി ചുരുങ്ങിയിട്ടുണ്ട്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.30-ന് കൃഷി ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്ന പൊതു വിഭാഗം വികസന ഫണ്ടിന്റെയും എസ്.സി.പി. ഫണ്ടിന്റെയും അടിസ്ഥാനത്തിൽ തുക വകയിരുത്തിയാണ് പ്രോജക്ട് ഏറ്റെടുക്കേണ്ടതെന്ന മാർഗ്ഗ നിർദ്ദേശം നിലവിലുള്ളതിനാലാണ് ഇപ്രകാരം പദ്ധതി തയ്യാറാക്കിയതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. കൂടാതെ, ഗുണഭോക്താക്കളെ വിളിച്ചുചേർത്ത യോഗത്തിൽ പദ്ധതിയുടെ വിശദാംശം നീർത്തട പദ്ധതി ചുമതലയുള്ള കസ്തൂർബാ ഏജൻസി ലഭ്യമാക്കിയതിനെതുടർന്ന് ഗുണഭോക്തൃ വിഹിതം മുടക്കാൻ ചില ഗുണഭോക്താക്കൾ വിമുഖത പ്രകടിപ്പിച്ചതിനാലാണ് ഗുണഭോക്താക്കളുടെ എണ്ണത്തിൽ കുറവ് വന്നതെന്ന് വിശദമാക്കുന്നു. പദ്ധതി രൂപീകരണശേഷം നിർവ്വഹണ വേളയിൽ പദ്ധതി വിശദാംശം ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനാലാണ് ഗുണഭോക്താക്കളുടെ എണ്ണത്തിൽ കുറവുവരുന്നത്. ഇത് പദ്ധതി രൂപീകരണവും ഗുണഭോക്തൃ തെരഞ്ഞെടുപ്പും സംബന്ധിച്ച സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. കൂടാതെ, സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരം ഫണ്ട് വിഹിതം ഉൾപ്പെടുത്തി രൂപീകരിച്ച പദ്ധതിക്ക് ആവശ്യമായ ഗുണഭോക്താക്കളെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താനും സാധിച്ചിട്ടില്ല. വിഷയത്തിൽ കൃഷിയും അനുബന്ധമേഖലകളും വർക്കിംഗ് ഗ്രൂപ്പിന്റെയും ക്ഷേമ കാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.

3. പദ്ധതി നിർവ്വഹണത്തിൽ ഗുണഭോക്തൃലിസ്റ്റിന്റെ മുൻഗണനക്രമം പാലിച്ചിട്ടില്ല. പദ്ധതിയുടെ പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ റാങ്ക് ക്രമം ഇപ്രകാരമാണ്. 3, 14, 16, 30, 33, 34, 42, 45, 48, 52, 59, 83, 100, 105, 129, 132, 133, 138, 141, 143. മുൻഗണനക്രമം പാലിക്കാത്തിന് സാധൂകരണം ഫയലിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പദ്ധതി രൂപീകരണ, നിർവ്വഹണവേളകളിലും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന വേളകളിലും വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ടവും, ആവശ്യമായ മാർഗ്ഗനിർദ്ദേശവും ഉണ്ടാകേണ്ടതുണ്ട്.

# 1-51 പഴയകുന്നുമ്മേൽ മാർക്കറ്റ് - അധികാരികളുടെ ശ്രദ്ധ ആവശ്യം

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുകയും ചെയ്യുന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെടുന്നതാണ് (കേരള പഞ്ചായത്ത് രാജ് ആക്ട് 166-ാംവകുപ്പ്). ചവറും ഖരമാലിന്യങ്ങളും പഞ്ചായത്ത് നീക്കം ചെയ്യണമെന്ന്

1998ലെ കേരള പഞ്ചായത്ത് രാജ് (പൊതു കക്കൂസുകൾ, മൂത്രപ്പുരകൾ, കുളിസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണവും സംരക്ഷണവും സ്വകാര്യ പരിസരങ്ങളിലെ ശുചീകരണവും ) ചട്ടങ്ങളിലെ ചട്ടം 10 അനുശാസിക്കുന്നുണ്ട്. 1996ലെ കേരള പഞ്ചായത്ത് രാജ് (പൊതുമാർക്കറ്റുകളുടേയും സ്വകാര്യ മാർക്കറ്റുകളുടേയും നിയന്ത്രണവും ലൈസൻസ് നൽകലും) ചട്ടങ്ങളിലെ 18(10)-ാം ചട്ടം പ്രകാരം പൊതു മാർക്കറ്റുകളുടെ കാര്യത്തിൽ പഞ്ചായത്തും സ്വകാര്യ മാർക്കറ്റുകളുടെ കാര്യത്തിൽ ലൈസൻസുകാരനും ബന്ധപ്പെട്ട മാർക്കറ്റുകളിൽ ശുദ്ധജല വിതരണം, കക്കൂസുകൾ, മൂത്രപ്പുരകൾ, അഴുക്ക് ചാലുകൾ മുതലായ സൗകര്യങ്ങളേർപ്പെടുത്തേണ്ടതും തറ വൃത്തിയായി സൂക്ഷിക്കേണ്ടതുമാണ്.

ചട്ടങ്ങളും നിയമങ്ങളും ഇപ്രകാരമായിരിക്കെ പഴയകുന്നുമ്മേൽ പബ്ലിക് മാർക്കറ്റിന്റെ അവസ്ഥ മാറ്റിയെടുക്കാൻ അധികൃതർക്കായില്ല.

പ്രസ്തുത മാർക്കറ്റുമായി ബന്ധപ്പെട്ട് 2018-19 വർഷം നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരവും 28.10.2019ൽ നടത്തിയ സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിൽ നിലവിലെ അവസ്ഥയും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | ചെലവ് | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | 141/19 | പഴയകുന്നുമ്മേൽ മാർക്കറ്റിൽ ടോയ്‌ലറ്റ് നിർമ്മാണം | 91561 | പ്രസ്തുത ടോയ് ലറ്റിന് സമീപം കാട് പിടിച്ചും ചെളി നിറഞ്ഞും പ്രവേശനം അസാദ്ധ്യമായ രീതിയിലാണ്. ഇതിന് സമീപമായുള്ള 4 ടോയ് ലറ്റുകളുടെയും സ്ഥിതി വിഭിന്നമല്ല. |
| 2 | 179/19 | മാർക്കറ്റിനകത്തുള്ള ജൈവ വേസ്റ്റ് കുഴിക്ക് ചുറ്റും കമ്പിവേലി സ്ഥാപിക്കലും മുന്നറിയിപ്പ് ബോർഡ് സ്ഥാപിക്കലും | 24979 | സ്ഥാപിച്ച കമ്പി വേലി പകുതിയോളം പൊളിഞ്ഞ നിലയിലാണ്. മാർക്കറ്റിലെ മാലിന്യങ്ങൾ കൂന കൂട്ടിയിട്ടിരിക്കുന്നു. |
| 3 | 155/19 | മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ സ്ഥാപിക്കൽ | 971291 | പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നു. |

***<u>ബയോഗ്യാസ് പ്ലാന്റ് നടത്തിപ്പിലെ അപാകതകൾ</u>***

ജനറൽ കമ്മിറ്റിയുടെ തീരുമാനം 1(3)/24.9.2018 പ്രകാരം 2009 വർഷത്തിൽ മാർക്കറ്റിനകത്ത് പദ്ധതി വിഹിതം ഉപയോഗിച്ച് ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും ഇതിന്റെ മെയിന്റനൻസും ഓപ്പറേറ്റർക്ക് വേതനവും തനത് ഫണ്ട് വച്ച് പ്രോജക്ട് വഴി ബയോടെക് വഴി നടത്തുകയായിരുന്നുവെന്നും പരാമർശിച്ചിരിക്കുന്നു. ബയോടെക്കിന്റെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാൽ അവരുടെ കരാർ പുതുക്കിയിട്ടില്ലായെന്നും ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ ഓപ്പറേറ്ററെ പഞ്ചായത്ത് കമ്മിറ്റി നിയമിക്കുകയും ആയതിന് സാധൂകരണത്തിനായി സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ പോയിട്ടുണ്ടെങ്കിലും 28.12.2016ലെ കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം തനത് ഫണ്ട് ഉപയോഗിച്ച് വേതനം നൽകുന്നതിനും അതിനുശേഷം യൂസർ ഫീ ഉപയോഗിച്ച് ചെലവ് ചെയ്യുന്നതിനുമാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്നും വിശദമാക്കിയിട്ടുണ്ട്. യൂസർ ഫീ ഉപയോഗിച്ച് മാസവേതനം നൽകാൻ കഴിയാത്തതിനാൽ 01.01.2018 മുതൽ ഒരു വർഷകാലയളവിലേക്ക് തനത് ഫണ്ടിൽ നിന്ന് ഓണറേറിയം നൽകുന്നതിന് സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ അനുമതി ലഭിച്ചിട്ടില്ല. ഓപ്പറേറ്റർ 1,000/- രൂപനിരക്കിൽ ഡീസൽ വാങ്ങി പ്ലാന്റ് പ്രവർത്തിപ്പിച്ചു

വരുന്നതിനാൽ 1,000/- രൂപ നിരക്കിൽ 2018 ജനുവരി മുതൽ ബയോഗ്യാസ് ഓപ്പറേറ്റർക്ക് നൽകുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

ബയോഗ്യാസ് പ്ലാന്റിന്റെ പ്രവർത്തനം മുടക്കം വരുത്താൻ പറ്റാത്തതിനാൽ ഡീസൽ വാങ്ങുന്നതിന് ഓരോ ചന്തയ്ക്കും 200/- രൂപ വച്ച് ആഴ്ചയിൽ 2 ചന്തയ്ക്കുള്ള 400/- രൂപ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് 6.10.2018ലെ ജനറൽ കമ്മിറ്റി തീരുമാനം 21(1) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

വൗച്ചർ പരിശോധനയിൽ ഡീസൽ നിറച്ച വകയിൽ 2018-19 വർഷം ആകെ 17,400/- രൂപ ബയോഗ്യാസ് പ്ലാന്റ് ഓപ്പറേറ്റർക്ക് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| മാസം | തുക | വൗച്ചർ നം. | ചെക്ക് നം |
|---|---|---|---|
| 9/18 | 9000 | 21800473/26.9.18 | 78987/26.9.18 |
| 10/18 | 800 | 21800554/20.10.18 | 79873/29.10.18 |
| 11/18 | 800 | 21800596/1.11.18 | 160049/1.11.18 |
| 12/18 | 1800 | 21800722/4.12.18 | 160442/4.12.18 |
| 1/19 | 1600 | 21800852/10.1.19 | 160877/10.1.19 |
| 2/19 | 1800 | 21801117/5.2.19 | 160928/5.2.19 |
| 3/19 | 1600 | 21801248/തീയതി ലഭ്യമാക്കിയില്ല | 161645/തീയതി ലഭ്യമാക്കിയില്ല |
| ആകെ | 17400 | | |

ജനറേറ്ററിന്റെ ലോഗ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ജനറേറ്ററിൽ ഡീസൽ അടിച്ചതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. ബയോഗ്യാസ് പ്ളാന്റിൽ ജനറേറ്ററിന്റെ ആവശ്യകത ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 65 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബയോഗ്യാസ് പ്ലാന്റ് ഓപ്പറേറ്റർക്ക് 2018-19 ൽ നൽകിയ തുകയുടെ വിശദാംശം :

| മാസം | തുക | വൗച്ചർ നം. | ചെക്ക് നം |
|---|---|---|---|
| 2/19 | 2700 | 21801116/5.2.19 | 1692/5.2.19 |
| 3/19 | 2400 | 21801249/തീയതി ലഭ്യമാക്കിയിട്ടില്ല | 161645/തീയതി ലഭ്യമാക്കിയിട്ടില്ല |
| ആകെ | 5100 | | |

28.10.2019ൽ നടത്തിയ സ്ഥലപരിശോധനയിൽ മാർക്കറ്റിൽ മാലിന്യങ്ങൾ കുന്നുകൂടി കിടക്കുന്നതാണ് കാണാൻ കഴിഞ്ഞത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.54 ന് ബയോഗ്യാസ് പ്ലാന്റ് പ്രവർത്തന സജ്ജമാണെന്നും മാർക്കറ്റിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ച് തുടങ്ങിയിട്ടുണ്ടെന്നും ലോഗ് ബുക്ക് ഹാജരാക്കാൻ ബയോഗ്യാസ് പ്ലാന്റ് ഓപ്പറേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്. തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പ്രസ്തുത മാർക്കറ്റിലെ പ്രവർത്തനങ്ങളും നിലവിലെ അവസ്ഥയും അവലോകനം നടത്തി, പൊതുജനത്തിന് ഉപകാരപ്രദമാകുന്ന രീതിയിൽ മാർക്കറ്റിനാവശ്യമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ പതിയേണ്ടതാണ്.

# 1-52 കേദാരം - സമഗ്ര നെൽകൃഷി വികസനം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

പ്രോജക്ട് നം. S0098/19 -കേദാരം - സമഗ്ര നെൽകൃഷി വികസനം

വി.ഫ. (സാ.വി.) - 3,60,500/- ഗു.വി.(നേരിട്ട്) - 1,32,300/-

ബ്ളോക്ക് പഞ്ചായത്ത് വിഹിതം - 1,53,000/- ജില്ലാ പഞ്ചായത്ത് വിഹിതം - 1,53,000/-

അടങ്കൽ - 7,98, 800/-

അടയമൺ, പാപ്പാല എന്നീ പാടശേഖരങ്ങളിൽ 18 ഹെക്ടറിൽ നെൽകൃഷി നടപ്പാക്കാനുദ്ദേശിച്ച് തയ്യാറാക്കിയ പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സബ്സിഡി മാർഗ്ഗ രേഖ [സ.ഉ(കൈ)22/2018/ത.സ്വ.ഭ.വ. തീ.14.02.18] പ്രകാരം കാർഷിക കർമ്മ സേനകൾ, കർഷക ഗ്രൂപ്പുകൾ , കർഷകർ തുടങ്ങിയവർ പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ജൈവ വളങ്ങൾ , തദ്ദേശ സ്വയംഭരണ സ്ഥാപനം നടത്തുന്ന മാലിന്യ സംസ്കരണ പ്ളാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉല്പാദിപ്പിക്കുന്നവ മുതലായവയിൽ നിന്ന് നേരിട്ട് കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ അനുമതിയോടെ കൃഷിക്കാർ വാങ്ങി ഉപയോഗിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭ്യമല്ലാത്ത സംഗതികളിൽ ലോക്കൽ പർച്ചേസ് നടത്താവുന്നതാണ്. കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ 2018-19 വർഷ പ്രോജക്ടുകളിൽ( വാഴ കൃഷി ഒഴികെ) ജൈവ വളം കർഷകർ നേരിട്ട് ലോക്കൽ പർച്ചേസ് നിർവ്വഹിക്കുകയാണുണ്ടായത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.11 ന് കൃഷി ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ജൈവവള യൂണിറ്റുകൾ ഇല്ല എന്നാണ് അറിയിച്ചിരിക്കുന്നത്. പഴയ കുന്നമ്മേൽ ഗ്രാമ പഞ്ചായത്ത് സ്റ്റാറ്റസ് റിപ്പോർട്ട് 2017-22 പ്രകാരം പഞ്ചായത്തിൽ ജൈവ വള ഉപാധികൾക്കായി 4 സർക്കാർ സ്ഥാപനങ്ങളും, 3 സ്വകാര്യ സ്ഥാപനങ്ങളും നിലവിലുണ്ട്. 2018-19 സാമ്പത്തിക വർഷം നിലവിലുണ്ടായിരുന്ന പർച്ചേസ് കമ്മിറ്റിയുടെ വിശദാംശം ആവശ്യപ്പെട്ടിരുന്നുവെങ്കിലും വിവരം ലഭ്യമാക്കിയിട്ടില്ല. സമഗ്ര നെൽകൃഷി വികസനം പദ്ധതിയിലുൾപ്പെട്ട മറ്റൊരു കർഷകന് ജൈവവളമായി ചാണകം വില്പന നടത്തുകയും 2018-19 സാമ്പത്തിക വർഷം പാലിന് സബ്സിഡി ലഭിക്കുകയും ചെയ്ത ഗുണഭോക്താവിന് സമഗ്ര നെൽകൃഷി വികസനം പ്രോജക്ടിന്റെ ഭാഗമായി ജൈവവളമായി ചാണകത്തിന് സബ്സിഡി അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 35 ന് ലഭ്യമാക്കിയ മറുപടിയിൽ, താമസസ്ഥലത്തുനിന്ന് ദൂരെ നെൽ വയൽ സ്ഥിതി ചെയ്യുന്നതിനാലാണ് സബ്സിഡി അനുവദിച്ചതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ഗുണമേന്മയുള്ള വിത്ത്, വളം എന്നിവയുടെ ഉപയോഗത്തിലൂടെ മികച്ച വിളവ് ഉറപ്പു വരുത്തുന്നതിനായാണ് സർക്കാർ മാർഗ്ഗരേഖയിൽ മേൽ പ്രസ്താവിച്ച പ്രകാരം നിർദ്ദേശം നൽകിയിരിക്കുന്നത് എന്നതിനാൽ, സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതുണ്ട്.

2. മേൽ പ്രോജക്ടിന്റെ ഭാഗമായി കിളിമാനൂർ ബ്ളോക്ക് പഞ്ചായത്തിന് കീഴിലെ കാർഷിക കർമ്മസേനയ്ക്ക് 200 സെന്റ് സ്ഥലത്ത് നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ, മറ്റ് തദ്ദേശ ഭരണ സ്ഥാപനത്തിൽ നിന്ന് കൂലി ചെലവ് സബ്സിഡി ലഭിച്ചിട്ടില്ല എന്ന് ഉറപ്പു വരുത്തിയിട്ടുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ ലഭ്യമാക്കിയ മറുപടിയിൽ, ജില്ലയ്ക്കും ബ്ളോക്കിനും മാത്രമേ കൂലിചെലവ് അനുവദിക്കാൻ കഴിയുകയുള്ളൂ എന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖ രേഖ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി അനുവദിക്കുന്നതിന് പ്രജക്ട് ഏറ്റെടുക്കാൻ അനുവാദം നൽകിയിട്ടുള്ളതിനാൽ മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരം പരിശോധന നടത്തി മറ്റ് തദ്ദേശ ഭരണ സ്ഥാപനത്തിൽ നിന്ന് കൂലി ചെലവ്

സബ്സിഡി ലഭിച്ചിട്ടില്ല എന്ന് ഉറപ്പു വരുത്തിയിട്ടുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-53 സ്റ്റോക്ക് രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം സർക്കാർ സ്രോതസ്സിൽ നിന്ന് ലഭിച്ച ട്രാക്ടർ -3, ടില്ലർ - 3, ഗാർഡൻ ടില്ലർ - 1 എന്നിവ ലഭ്യമാണ്. എന്നാൽ, കൃഷി ഓഫീസർ ലഭ്യമാക്കിയ മറുപടി പ്രകാരം Honda - 3Hp Engine pumpset - 1, Rocker sprayer - 2, knapsack Sprayer -7 എന്നിവയാണ് ലഭ്യമായിട്ടുള്ളത്. ഇവയിൽ Honda - 3Hp Engine pumpset തൊഴിലുറപ്പ് പദ്ധതിക്കായി കൈമാറിയിട്ടുള്ളതായി കൃഷി ഓഫീസർ ഭൗതിക പരിശോധനാ വേളയിൽ അറിയിച്ചു. മറ്റുള്ളവ പ്രവർത്തന രഹിതമാണ്. എന്നാൽ, pumpset തൊഴിലുറപ്പ് പദ്ധതിക്കായി കൈമാറിയിട്ടുള്ളത് സംബന്ധിച്ച രേഖ കൃഷി ഭവനിൽ ലഭ്യമല്ല. ട്രാക്ടർ, ടെയിലർ, റീപ്പർ എന്നിവ പാടശേഖര സമിതിക്ക് കൈമാറിയിട്ടുള്ളതായി ഓഡിറ്റ് എൻക്വയറി നം.12-ന് കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച വിവരം സ്റ്റോക്ക് രജിസ്റ്ററിലും ഓഫീസിലും ലഭ്യമല്ല.

വൗച്ചർ നം.481/17.10.2018 പ്രകാരം കൃഷിഭവനും അനുബന്ധ പണികളും ആത്മ സെന്ററും എന്ന പദ്ധതിയുടെ പണി ആരംഭിക്കുന്നതിനായി കൃഷിഭവൻ പരിസരത്തുനിന്ന് ട്രാക്ടർ, കൈവണ്ടി, മറ്റ് ഇരുമ്പ് സാധനങ്ങൾ പഞ്ചായത്ത് പരിസരത്തേയ്ക്ക് മാറ്റുന്നതിനായി 4500/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ്, മാറ്റിയ ഉപകരണങ്ങൾ സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തൽ എന്നിവയുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 63-ന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്റ്റോക്ക് രജിസ്റ്ററിൽ കാർഷിക ഉപകരണങ്ങളുടെ നിലവിലെ സ്ഥിതി കാലികമാക്കി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതും സ്റ്റോക്ക് വിവരങ്ങളുടെ വാർഷിക പരിശോധന ഉറപ്പുവരുത്തേണ്ടതും കൃഷി ഭവനിൽ വിവിധ സ്രോതസിൽ നിന്ന് ലഭിച്ച ഉപകരണങ്ങളുടെ വിവരം വ്യക്തമായി രേഖപ്പെടുത്തി സ്റ്റോക്ക് വിവരം കാലികമാക്കി ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

# 1-54 തൊഴിലുറപ്പ് പദ്ധതി - അപാകതകൾ

എം.എൻ.ആർ.ഇ.ജി.എസ് ആക്ട് 2005 സർക്കുലർ ഖ 6.1.1 പ്രകാരം ഷെൽഫ് ഓഫ് പ്രോജക്ട് ഗ്രാമസഭ അംഗീകരിക്കേണ്ടതും ഖ 6.10 പ്രകാരം ആസ്തി സൃഷ്ടിക്കുന്നതിനു വേണ്ടി തയ്യാറാക്കപ്പെട്ട പ്രവൃത്തികൾ അവയുടെ തുടർ നടപടിക്രമങ്ങൾ എന്നിവ ഗ്രാമസഭയിൽ വച്ച് അംഗീകരിക്കണ്ടേതുമാണ്.

2018-19 വർഷം എം.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർത്തിട്ടുള്ള വ്യക്തിഗത ഗുണഭോക്താക്കൾക്ക് വ്യക്തിഗത ആനുകൂല്യം നൽകുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തിയുടെ പേര് | വർക്ക് കോഡ് | ഗുണഭോക്താവ് | ചെലവ് |
|---|---|---|---|---|
| 1 | കിണർ നിർമ്മാണം | IF/401602 | ശ്രീമതി.ലതിക | 25476 |
| 2 | കിണർ നിർമ്മാണം | IF/352949 | ശ്രീമതി.പത്മാക്ഷി | 25392 |
| 3 | കിണർ നിർമ്മാണം | IF/342498 | ശ്രീമതി.ഷീജ | 25392 |
| 4 | കക്കൂസ് | RS/348589 | ശ്രീമതി.വസന്തകുമാരി | 11572 |

| | | | | |
|---|---|---|---|---|
| | നിർമ്മാണം | | | |
| 5 | കക്കൂസ് നിർമ്മാണം | RS/342318 | ശ്രീമതി.മഞ്ജു | 11295 |
| 6 | കക്കൂസ് നിർമ്മാണം | RS/335978 | ശ്രീമതി.സരസു | 11117 |

മേൽ ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 67/30.10.19 ന് മറുപടിയിൽ ഷെൽഫ് ഓഫ് പ്രോജക്ട് മാത്രമാണ് ഗ്രാമസഭ അംഗീകരിച്ചിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്. എം.എൻ.ആർ.ഇ.ജി.എസ് പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുവെന്നുറപ്പ് വരുത്തേണ്ടതാണ്.

# 1-55 ഹരിത കർമ്മസേനയുടെ രൂപീകരണവും അജൈവ മാലിന്യ ശേഖരണവും- തുടർ പ്രവർത്തനം നടക്കുന്നില്ല

പ്രോജക്ട് നം - S0100/19

പേര് - വയബിലിറ്റി ഗ്യാപ്പ് ഫണ്ട്

നിർവ്വഹണം - വി.ഇ.ഒ

അടങ്കൽ - 3,93,975/- (വികസനഫണ്ട് ജനറൽ)

ചെലവ് - 1,62,320/-

ബിൽ നം. 189/18-19, 15.11.18, 31,200/-

390/18-19, 20.03.18, 84,000/-

391/-18-19, 20.03.19, 47,120/-

വയബിലിറ്റി ഗ്യാപ്പ് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് പഞ്ചായത്തിലെ 17വാർഡുകളിലും ഹരിത കർമ്മസേന രൂപീകരിക്കുകയും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ വീടുകളിൽ നിന്ന് ശേഖരിച്ച് പഞ്ചായത്തിൽ സ്ഥാപിച്ച മെറ്റീരിയൽ കളക്ഷൻ സെന്ററിൽ (MCF) എത്തിക്കുകയും പ്രസ്തുത ആവശ്യത്തിലേക്കായുള്ള വാഹന വാടക, ഓണറേറിയം, യൂണിഫോം, പരിശീലനം തുടങ്ങിയ ചെലവുകൾ നടത്തുകയും ചെയ്യുന്ന പദ്ധതിയാണിത്.

കുടുംബശ്രീയിൽ നിന്നും തെരഞ്ഞെടുത്ത 50 അംഗങ്ങളെ ഉൾപ്പെടുത്തി ഹരിത കർമ്മസേന രൂപീകരിച്ച് യൂണിഫോം, ഐഡന്റിറ്റി കാർഡ് എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ഹരിത കർമ്മസേന യൂസർ ഫീ കളക്റ്റ് ചെയ്തുകൊണ്ട് അജൈവമാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് മാർക്കറ്റ് കോംപൗണ്ടിൽ നിർമ്മിച്ചിട്ടുള്ള എം.സി.എഫ്- ൽ സൂക്ഷിച്ചിട്ടുണ്ട്. ഹരിത കർമ്മസേന അംഗങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ടെങ്കിലും എല്ലാ വാർഡുകളിൽ നിന്നും യൂസർ ഫീ കളക്റ്റ് ചെയ്യുന്നില്ല. എന്നാൽ എം.സി.എഫിൽ കുന്നുകൂടിക്കിടക്കുന്നതല്ലാതെ ഇപ്പോഴും യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ല എന്ന് സ്ഥല പരിശോധനയിൽ വ്യക്തമാണ്.

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നം. 10394-ഡി-2017/കെ.എസ്.എച്ച്.ഒ തീയതി 23.4.2018 പ്രകാരം തരംതിരിച്ച് സൂക്ഷിച്ചിരിക്കുന്ന അജൈവമാലിന്യങ്ങൾ എം.സി.എഫിൽ നിന്ന് ആർ.ആർ.എഫിലേക്ക് എത്തിക്കുന്നതിന് ക്ലീൻ കേരള

കമ്പനിയുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. മേൽ ഉത്തരവിന്റെ ഖണ്ഡിക 6.1 പ്രകാരം ഹരിതകർമ്മസേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സേനയുടെ പ്രവർത്തന മേഖലയിൽ വരുന്ന തടസ്സങ്ങൾ പരിഹരിക്കുക, സേനയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് വേണ്ട നിയമപരമായ ഇടപെടലുകൾ നടത്തുക എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകളാണ്. കൂടാതെ സ.ഉ (സാധാ) നം.2420/2017/തസ്വഭവ തീയതി 15.7.17 ഖണ്ഡിക 3(17) പ്രകാരം ഹരിതകർമ്മസേന വഴി ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ പുനഃചംക്രമണം ചെയ്യുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സാധ്യമായിടങ്ങളിൽ ക്ലീൻ കേരള കമ്പനിയുമായി (ആവശ്യമെങ്കിൽ അനുയോജ്യമായ മറ്റ് സ്ഥാപനങ്ങളുമായും) കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികളൊന്നും ഗ്രാമപഞ്ചായത്ത് കൈക്കൊണ്ടിട്ടില്ല. മാലിന്യസംസ്കരണത്തിന് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും തുടർ നടപടികൾ ആവിഷ്കരിക്കുകയോ പുരോഗതി വിലയിരുത്തുകയോ ചെയ്തിട്ടില്ല. തുടർനടപടികൾ കൈകൊള്ളുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 59 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അജൈവമാലിന്യങ്ങൾ വാങ്ങുന്നതിന് തയ്യാറുള്ള വിവിധ സ്ഥാപനങ്ങൾ കണ്ടെത്തി അവർക്കാവശ്യമായ രീതിയിൽ തരംതിരിച്ച് സൂക്ഷിക്കുന്നതിനും അത് പരമാവധി വരുമാനം ലഭിക്കാവുന്ന രീതിയിൽ വിപണനം ചെയ്യുന്നതിനും ഹരിത കർമ്മസേനയെ പരിശീലിപ്പിക്കേണ്ടതാണ്.

എം.സി.എഫിൽ ശേഖരിച്ചിരിക്കുന്ന അജൈവമാലിന്യങ്ങൾ പുനഃചംക്രമണം ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-56 പട്ടിക വർഗ വിദ്യാർത്ഥികൾക്ക് പഠനമുറി-അപാകതകൾ

പ്രോജക്ട് നം. SO 119/19

അടങ്കൽ- വികസന ഫണ്ട് (ടി.എസ്.പി) 2,00,000/-

ചെലവ് തുക -ബിൽ നം. 2/14.8.18-50,000/-

12/27.2.19-1,00,000/-

14/26.3.19-50,000/-

നിർവ്വഹണ ഉദ്യോഗസ്ഥ- അസിസ്റ്റന്റ് സെക്രട്ടറി

പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ അശ്വതി ബി.വി ചരുവിള പുത്തൻ വീട് എന്ന ഗുണഭോക്താവിന് ആനുകൂല്യം നൽകിയിട്ടുണ്ട്. സ.ഉ (കൈ) നം.22/18/ത.സ്വ.ഭ.വ തീയതി 14.2.18 ഖണ്ഡിക 7.2.17 പ്രകാരം നിലവിലുള്ള 800 ചതുരശ്ര അടിയിലധികരിക്കാത്ത വീടിനോട് ചേർന്ന് 100ചതുരശ്ര അടിയിൽ അധികരിക്കാതെ പഠനമുറി നിർമ്മിക്കുന്നതിനാണ് നിർദ്ദേശമുള്ളത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താവ് 207.79 ചതരശ്ര അടിയിലാണ് പഠനമുറി നിർമ്മിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 32 ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 15.10.2018ലെ ഉത്തരവ് പ്രകാരം 120 ചതുരശ്ര അടിയാക്കിയിട്ടുണ്ടെന്നും അധികരിക്കാൻ പാടില്ലായെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. മറുപടിയിൽ പരാമർശിച്ചിരിക്കുന്ന സ.ഉ(സാധാ) നം. 2636/2018/തസ്വഭവ തീയതി 15.10.2018ൽ പഠനമുറിയുടെ തറ വിസ്തീർണത്തിന്റെ ഉയർന്ന പരിധി പട്ടികജാതി വികസനവകുപ്പിന്റെ വിസ്തീർണമായ 120 ചതുരശ്ര അടിയായി

ഏകീകരിക്കുന്നുവെന്നും സ.ഉ. (കൈ) നം. 22/18/ത.സ്വ.ഭ.വയിലെ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നുവെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. മേൽ സാഹചര്യത്തിൽ 207.79 ചതുരശ്ര അടിയിൽ പഠനമുറി നിർമ്മിച്ചത് അംഗീകരിക്കാൻ കഴിയില്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കുന്നുവെന്നുറപ്പ് വരുത്തേണ്ടതാണ്.

# 1-57 ഒരേ സ്പെസിഫിക്കേഷനിലുള്ള കട്ടിലിന് രണ്ട് നിരക്ക്

എ)പ്രോജക്ട് നം. S0087/19

പേര് - വൃദ്ധർക്ക് കട്ടിൽ (എസ്.സി.പി)

അടങ്കൽ- വികസനഫണ്ട് (എസ്.സി.പി)3,69,750/-

ചെലവ്- ബിൽ നം. 7/10.12.18-3,68,000/-

നിർവ്വഹണ ഉദ്യോഗസ്ഥ- അസിസ്റ്റന്റ് സെക്രട്ടറി

ബി) പ്രോജക്ട് നം. S0061/19

പേര് - വൃദ്ധർക്ക് കട്ടിൽ (ജനറൽ)

അടങ്കൽ- വികസനഫണ്ട് – 3,26,250/-

ചെലവ്- ബിൽ നം. 18/26.2.19-3,25,500/-

നിർവ്വഹണ ഉദ്യോഗസ്ഥ- ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ജി.ഒ(പി) നം. 269/2010/ത.സ്വ.ഭ.വ തീയതി 8.11.2010 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതാണ്. സ.ഉ(പി) നം. 03/2013/എസ്.പി.ഡി തീയതി 21.06.2013 ഖണ്ഡിക 2.3 പ്രകാരം യഥാർത്ഥ ആവശ്യകതയ്ക്കനുസരിച്ച് ഉന്നതാധികാരികളിൽ നിന്നും ലഭ്യമാക്കേണ്ട വാങ്ങൽ അനുമതി ഒഴിവാക്കുന്നതിനായി വാങ്ങലിനുള്ള ആവശ്യകത ചെറിയ ഘടകങ്ങളായി വിഭജിക്കാൻ പാടില്ല. സ.ഉ(എം.എസ്) നം.13/2015/ITD തീയതി 12.5.2015 പ്രകാരം 5 ലക്ഷത്തിനു മുകളിലുള്ള ടെണ്ടറുകൾക്ക് ഇ-പ്രോക്യൂർമെന്റ് രീതി ബാധകമാക്കിയിട്ടുണ്ട്. ക്രമ നം. എ, ബി എന്നിവയിൽ പരാമർശിച്ചിട്ടുള്ള വൃദ്ധർക്ക് കട്ടിൽ വാങ്ങൽ എന്ന പ്രോജക്ടുകൾ പ്രകാരം ആകെ 6,93,500/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും മേൽ ഉത്തരവുകൾ പാലിച്ചിട്ടില്ല. രണ്ടു പദ്ധതികളിലും ഓപ്പൺ ടെണ്ടർ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്.

2) 30.7.2018ൽ രണ്ടു പദ്ധതികൾക്കുമായി ഒരുമിച്ച് പത്രത്തിൽ ടെണ്ടർ പരസ്യം നൽകുകയും ഒരേ സ്പെസിഫിക്കേഷൻ പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ക്രമനം. എ പ്രകാരമുള്ള പദ്ധതിയ്ക്ക് ശ്രീ. സിബി സോമൻ, ജ്യോതിഭവൻ, പാപ്പാല എന്ന വ്യക്തി ഒരു കട്ടിലിന് 3,200/- രൂപ നിരക്കിൽ ടെണ്ടർ സമർപ്പിക്കുകയും അതേ വ്യക്തി തന്നെ ക്രമ നം. ബി പ്രകാരമുള്ള പദ്ധതിക്ക് ഒരുകട്ടിലിന് 3,100/- രൂപ നിരക്കിൽ ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. 14.12.2018ലെ പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനം 1പ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസറുടേയും തീരുമാനം 2 പ്രകാരം

അസിസ്റ്റന്റ് സെക്രട്ടറിയുടേയും ടെണ്ടർ നടപടികൾ അംഗീകരിച്ചു. (പ്രോക്യൂർമെന്റ് കമ്മിറ്റിയിൽ രണ്ട് അംഗങ്ങൾ മാത്രമാണ് അറ്റൻഡൻസ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് സാക്ഷ്യപ്പെടുത്തി ക്ലോസ് ചെയ്തിട്ടില്ല). 6.9.2018ലെ ജനറൽ കമ്മിറ്റിയുടെ 2(1) തീരുമാനപ്രകാരം ക്രമ നം. ബി യിലെ പ്രോജക്ട് പ്രകാരം ഒരു കട്ടിലിന് 3,100/- രൂപ നിരക്കിൽ ശ്രീ. സിബി സോമന്റെ ടെണ്ടർ അംഗീകരിക്കുകയും അതേ തീയതിയിലെ തീരുമാനം 3(1) പ്രകാരം ക്രമ നം. എ യിലെ പ്രോജക്ട് പ്രകാരം ഒരു കട്ടിലിന് 3,200/- രൂപ നിരക്കിൽ ശ്രീ.സിബി സോമന്റെ തന്നെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. ഒരേ വ്യക്തിയിൽ നിന്ന് തന്നെ ഒരേ സ്പെസിഫിക്കേഷനിലുള്ള കട്ടിൽ രണ്ട് നിരക്കിൽ വാങ്ങുക വഴി ഒരു കട്ടിലിന് 100/- രൂപ വീതം ക്രമ നം. എ പ്രകാരമുള്ള പ്രോജക്ടിൽ നഷ്ടമായി. ആകെ 115 കട്ടിലാണ് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോജക്ട് നം. S0087/19 വഴി വാങ്ങിയിരിക്കുന്നത്. ) മേൽ സാഹചര്യത്തിൽ പ്രോജക്ട് നം. S0087/19 പ്രകാരം 115 കട്ടിൽ വാങ്ങിയ ഇനത്തിൽ ആകെ 115x100=11,500/- രൂപ നഷ്ടമായതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 48 ന് പ്രോക്യൂർമെന്റ് മാന്വൽ ഖണ്ഡിക 5.1 പ്രകാരം നെഗോസിയേഷൻ പാടില്ലായെന്ന് നിഷ്കർഷിക്കുന്നുണ്ടെന്നും ആയതിനാലാണ് ഓപ്പൺ ടെണ്ടറിൽ ലഭിച്ച ഏറ്റവും കുറഞ്ഞ നിരക്ക് അംഗീകരിക്കുവാൻ പ്രോക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ച നിരക്ക് രേഖപ്പെടുത്തി ടാബുലേഷൻ സ്റ്റേറ്റുമെന്റ് സഹിതം പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിന് അയച്ചതെന്നും ജനറൽ വിഭാഗം കട്ടിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായതിനാൽ സ്പെസിഫിക്കേഷൻ, നിരക്ക് എന്നിവ ശ്രദ്ധിച്ചിരുന്നില്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. മത്സരാധിഷ്ഠിത നിരക്കുകൾ താരതമ്യം ചെയ്തതിനുശേഷം വാർഷിക പദ്ധതിയ്ക്ക് പരമാവധി നേട്ടമുണ്ടാക്കുന്ന തരത്തിൽ വാങ്ങൽ നടത്താൻ പ്രോക്യൂർമെന്റ് മാന്വലിൽ നിർദ്ദേശമുണ്ടായിരിക്കെ മേൽ മറുപടി അംഗീകരിക്കാവുന്നതല്ല.

തദ്ദേശ ഭരണസ്ഥാപനത്തിന് ഒരു സാമ്പത്തിക വർഷം ആവശ്യമായ സാധനങ്ങളും സേവനങ്ങളും ഒരുമിച്ച് സമാഹരിക്കുന്നതിന്റെ ഉത്തരവാദിത്വം സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ആയതിനാൽ ഇപ്രകാരമുള്ള നഷ്ടങ്ങൾക്ക് ഉത്തരവാദി തദ്ദേശ സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് അതോറിറ്റിയായ സെക്രട്ടറിയാണ്.

# 1-58 മഴക്കാല പൂർവ്വ ശുചീകരണം- ചെലവു രേഖകൾ പൂർണമല്ല

വൗച്ചർ നം. 21800456/15.9.2018 പ്രകാരം 1,30,000/- രൂപ മഴക്കാല പൂർവ്വ ശുചീകരണത്തിനായി മെഡിക്കൽ ഓഫീസർ പി.എച്ച്.സിയ്ക്ക് കൈമാറുകയും വൗച്ചർ നം. 21800234/30.6.18 പ്രകാരം 40,000/- രൂപ കിളിമാനൂർ പബ്ലിക് മാർക്കറ്റ്, പ്രൈവറ്റ് ബസ്സ്റ്റാന്റ്, ടൗണിലെ വിവിധ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിന്ന് മാലിന്യം നീക്കം ചെയ്യുന്നതിന് വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.
മഴക്കാല പൂർവ്വ ശുചീകരണത്തിനായി വിനിയോഗിച്ച തുക സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സർക്കാർ ഉത്തരവ് നം. 17/ഡി.സി 1/18/ തസ്വഭവ തീയതി 22.1.2018 പ്രകാരം വാർഡ് തല ആരോഗ്യ ശുചിത്വ സമിതി പ്രത്യേക യോഗവും വാർഡ് തല ശുചിത്വ കൂട്ടായ്മയും നടത്തേണ്ടതും ശുചിത്വ സ്ക്വാഡുകൾ രൂപീകരിച്ച് ശുചിത്വ മാപ്പിംഗും മൈക്രോ ലെവൽ കർമ്മപരിപാടികളും ആസൂത്രണം ചെയ്യുകയും വേണം. മൈക്രോ ലെവൽ കർമ്മപരിപാടികളെ വാർഡു തലത്തിലും തുടർന്ന് പഞ്ചായത്ത് തലത്തിലും ഏകോപിപ്പിച്ച് തദ്ദേശ സ്ഥാപന ഭരണ സമിതിയുടെ അംഗീകാരം നേടേണ്ടതും ശുചിത്വ സ്ക്വാഡുകൾ രൂപീകരിക്കേണ്ടതുമാണ്. മേൽ ഉത്തരവ് ഖണ്ഡിക 6 പ്രകാരം വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതി മേൽ പ്രവർത്തനങ്ങൾ അവലോകനം ചെയ്യണം. കൂടാതെ മേൽ

പ്രവർത്തനങ്ങളും ചെലവുകളും, അംഗീകരിച്ച വാർഡ് തല പ്രവർത്തന രേഖയുടെ അടിസ്ഥാനത്തിലായിരിക്കണം. മൈക്രോലെവൽ കർമ്മപരിപാടികളെ വാർഡു തലത്തിലും തുടർന്ന് പഞ്ചായത്ത് തലത്തിലും ഏകോപിപ്പിച്ച് തദ്ദേശ സ്ഥാപന ഭരണ സമിതിയുടെ അംഗീകാരം നേടിയതിന്റെയും ശുചിത്വ സ്ക്വാഡുകൾ രൂപീകരിച്ചതിന്റെയും വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതി പ്രവർത്തനങ്ങൾ അവലോകനം ചെയ്തതിന്റെയും വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.49 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2. മെഡിക്കൽ ഓഫീസർ പി.എച്ച്.സിയ്ക്ക് നൽകിയ 1,30,000/- രൂപയ്ക്കും 10.4.2019ൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ലഭ്യമാക്കിയ വൗച്ചറുകൾ പ്രകാരം തുക പൂർണമായും വിനിയോഗിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | നൽകിയ തുക | വിനിയോഗിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | 7640 | 7640 | നോട്ടീസ്, സോഴ്സ് റിഡക്ഷൻ, കിണർ ക്ലോറിനേഷൻ |
| 2 | 7640 | 7640 | നോട്ടീസ്, സോഴ്സ് റിഡക്ഷൻ, കിണർ ക്ലോറിനേഷൻ |
| 3 | 7640 | 7640 | നോട്ടീസ്, ഫോഗിംഗ്, ഫ്ലക്സ് ബോർഡ്, കിണർ ക്ലോറിനേഷൻ, സോഴ്സ് റിഡക്ഷൻ എന്നിവയ്ക്ക് വേണ്ടിയാണ് തുക വിനിയോഗിച്ചിരിക്കുന്നത് |
| 4 | 8000 | 8000 | ഫ്ലക്സ് ബോർഡ്, കിണർ ക്ലോറിനേഷൻ, സോഴ്സ് റിഡക്ഷൻ എന്നിവയ്ക്ക് വേണ്ടിയാണ് തുക വിനിയോഗിച്ചിരിക്കുന്നത് |
| 5 | 7760 | 7760 | നോട്ടീസ്, സോഴ്സ് റിഡക്ഷൻ, കിണർ ക്ലോറിനേഷൻ |
| 6 | 7640 | 7000 | 640/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. നോട്ടീസ്, സോഴ്സ് റിഡക്ഷൻ, കിണർ ക്ലോറിനേഷൻ |
| 7 | 7640 | 7640 | നോട്ടീസ്, സോഴ്സ് റിഡക്ഷൻ, കിണർ ക്ലോറിനേഷൻ |
| 8 | 7640 | 7400 | 240/- രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നു |
| 9 | 7640 | 7640 | നോട്ടീസ്, സോഴ്സ് റിഡിക്ഷൻ, കിണർ ക്ലോറിനേഷൻ |
| 10 | 7640 | 7640 | നോട്ടീസ്, സോഴ്സ് റിഡിക്ഷൻ, കിണർ ക്ലോറിനേഷൻ |
| 11 | 7640 | 7640 | ഫോട്ടോകോപ്പി, ഫ്ലക്സ്, സോഴ്സ് റിഡക്ഷൻ,നോട്ടീസ് ബോർഡ് |
| 12 | 7640 | 7640 | സോഴ്സ് റിഡക്ഷൻ, ക്ലോറിനേഷൻ, വേസ്റ്റ് ഡിസ്പോസൽ |
| 13 | | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | |
| 14 | 7640 | 4945 | 2,695/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.ഫ്ലക്സ് ബോർഡ്, സോഴ്സ് റിഡക്ഷൻ, ക്ലോറിനേഷൻ |

| | | | |
|---|---|---|---|
| 15 | | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല | |
| 16 | 7640 | 7640 | കിണറിന് വല, ഫ്ളക്സ് ബോർഡ്, കിണർ ക്ലോറിനേഷൻ, സോഴ്സ് റിഡക്ഷൻ, ഫോഗിംഗ് ആന്റ് സ്പ്രെയിംഗ് |
| 17 | 7640 | 7640 | കിണറിന് വല, ഫ്ലക്സ് ബോർഡ്, കിണർ ക്ലോറിനേഷൻ, സോഴ്സ് റിഡക്ഷൻ |

മെഡിക്കൽ ഓഫീസർ പി.എച്ച്.സി 1,30,000/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ലഭ്യമാക്കിയ ചെലവുരേഖകൾ പ്രകാരം വാർഡ് 6, 8, 14 എന്നീ വാർഡുകളിലായി ആകെ 3,575/- രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 49 ന് ശുചിത്വ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടെന്നും വിശദാംശങ്ങൾ നൽകുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. 6,8,14 വാർഡുകളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക 2019-20ൽ ചെലവഴിക്കുന്നതാണെന്നും വാർഡ് 13, 15 എന്നിവയിലെ ഉദ്യോഗസ്ഥൻ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയാണെന്നും രേഖകൾ ഓഫീസിൽ സമർപ്പിച്ചിട്ടില്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ചെലവ് രേഖകളുടെ അഭാവത്തിൽ 14,920/- രൂപ തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതും സർക്കാർ നിർദ്ദേശാനുസരണം മേൽ പ്രവൃത്തി നിർവ്വഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

# 1-59 വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തൽ - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി

പ്രോജക്ട് നം - S0162/19

പ്രോജക്ടിന്റെ പേര് - എൽ.പി.യു.പി (എസ്.സി)വിഭാഗം കുട്ടികൾക്ക് പഠനവീട്

നിർവഹണം - ഹെഡ്മിസ്ട്രസ് ഗവ.എൽ.പി.എസ്, അടയമൺ

അടങ്കൽ - 1,14,700/- (തനത് ഫണ്ട്)

ചെലവ് - 1,08,528/-

ബിൽ നം/തീ - 813/17.01.19(56,578/-)

1109/23.03.19(51,590/-)

വിദ്യാഭ്യാസ സന്നദ്ധ പ്രവർത്തകർ മുഖേന പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി ഗ്രാമപഞ്ചായത്തിലെ IV,IX,X,XV എന്നീ നാല് വാർഡുകളിൽ ക്ലാസുകൾ നടത്തുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തത്. അദ്ധ്യാപകർക്ക് പ്രതിമാസം 1,000/- രൂപ ഹോണറേറിയവും വിദ്യാർത്ഥികൾക്ക് പ്രതിദിനം 7/- രൂപ നിരക്കിൽ ലഘുഭക്ഷണവും പഠനോപകരണങ്ങൾ വാങ്ങുന്നതിന് ഓരോ പഠന സെന്ററിനും 1,000/- രൂപയും പദ്ധതി പ്രകാരം അനുവദിച്ച നൽകിയിട്ടുണ്ട്. പദ്ധതിക്കായി 2018-19 വർഷം ആകെ 1,08,528/- രൂപ ചെലവഴിച്ചിട്ടുണ്ട്.

സബ്സിഡി മാർഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ തീ.14.02.2018) ഖണ്ഡിക 7.2.18പ്രകാരം പട്ടികജാതി കോളനികളിൽ സാമൂഹ്യ പഠനകേന്ദ്രം നിർമ്മിച്ച് കുട്ടികളുടെ പഠനനിലവാരം ഉറപ്പാക്കാവുന്നതാണ്. എന്നാൽ മാർഗരേഖ ഖണ്ഡിക 8.10 പ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് മാത്രമാണ്

പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളം/ഹോണറേറിയം അനുവദിക്കാവുന്നത്. കൂടാതെ പദ്ധതി മാർഗരേഖ (സ.ഉ(കൈ)നം.11/2018/തസ്വഭവ തീ.29.01.2019) ഖണ്ഡിക 7.8.3 പ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് മാത്രമാണ് ഭക്ഷണവിതരണ പരിപാടികൾ നടപ്പാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത്.എന്നാൽ മേൽ ഉത്തരവുകൾക്ക് വിരുദ്ധമായാണ് ഗ്രാമപഞ്ചായത്തിൽ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 66/31.10.2019 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ പ്രോജക്ടിന് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി മാർഗരേഖയും സർക്കാർ ഉത്തരവുകളും കർശനമായും പാലിച്ച് പദ്ധതി നടപ്പാക്കാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 1-60 വിദ്യാർഥികൾക്കും സ്കൂളുകൾക്കും ലാപ് ടോപ്പ് വാങ്ങൽ - പ്രൊക്യുർമെന്റ് കമ്മിറ്റി കൂടിയില്ല

**a)** പ്രോജക്ട് നം - SO082/19

പ്രോജക്ടിന്റെ പേര് - എസ്.സി. കുട്ടികൾക്ക് ലോപ്ടോപ്പ് വാങ്ങൽ

അടങ്കൽ - 2,64,700/- (വികസനഫണ്ട്)

ചെലവ് - 2,64,700/-

ബിൽ നം/തീ - 05/18-19/27.09.18

b) പ്രോജക്ട് നം - SO162/19

പ്രോജക്ടിന്റെ പേര് - ഗവൺമെന്റ് സ്കൂളുകൾക്ക് ലോപ്ടോപ്പ് വാങ്ങൽ

അടങ്കൽ - 70,000/- (വികസനഫണ്ട്)

ചെലവ് - 52,940/-

ബിൽ നം/തീ - 04/18-19/27.09.18

ഹെഡ്മിസ്ട്രസ് നിർവഹണം നടത്തിയ മേൽ പ്രോജക്ടുകൾ പ്രകാരം ഒരു ലാപ്ടോപ്പിന് 26,470/- രൂപ നിരക്കിൽ എസ്.സി കുട്ടികൾക്ക് 10 ലാപ്ടോപ്പും ഗവൺമെന്റ് സ്കൂളുകൾക്ക് 2 ലാപ്ടോപ്പും വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രൊക്യർമെന്റ് കമ്മിറ്റി കൂടാതെയാണ് പ്രവർത്തി ടെൻഡർ ചെയ്ത് വാങ്ങൽ നടത്തിയിട്ടുള്ളത്. സ.ഉ(പി) നം.259/2010/തസ്വഭവ തീ.08.11.2010 ഖണ്ഡിക4.2.2 പ്രകാരം നിർവഹണ ഉദ്യോഗസ്ഥന്റെയോ സെക്രട്ടറിയുടെയോ മേൽനോട്ടത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും വാങ്ങൽ ഇനങ്ങൾ കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും കമ്മിറ്റി രേഖകളുടെ പരിശോധന നടത്തി തീരുമാനമെടുക്കേണ്ടതുമാണ്. എന്നാൽ മേൽ വ്യവസ്ഥകൾ പാലിക്കാതെയാണ് പ്രോജക്ടുകൾ പ്രകാരം വാങ്ങൽ നടത്തിയിട്ടുള്ളത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 66/31.10.2019 ന് ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകൾ കർശനമായും പാലിച്ച് പദ്ധതി നടപ്പാക്കാൻ നിർവഹണ ഉദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്.

## 1-61 പാലിയേറ്റീവ് കെയർ പ്രവർത്തനം

# -അപാകതകൾ

2018-19 വർഷത്തെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

i)പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ സ.ഉ (സാ.ധാ) നം.3217/2015/ത.സ്വ.ഭ.വ/29.10.2015 ഖണ്ഡക2.5.6 പ്രകാരം രോഗികളുടെ പേര് വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടില്ല.

ii)ഹോം കെയർ രജിസ്റ്റർ സർക്കാർ നിർദ്ദേശാനുസരണം പരിപാലിച്ചിട്ടില്ല. ഹോംകെയർ രജിസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓരോ ദിവസത്തേയും ഹോംകെയറിനു ശേഷം തൊട്ടടുത്ത ദിവസം ഹോം കെയർ രജിസ്റ്ററിൽ വിശദമായ രേഖപ്പെടുത്തലുകൾ വരുത്തി മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് അംഗീകാരം നേടേണ്ടതാണ്.

iii)പാലിയേറ്റീവ് കെയർ അറ്റന്റൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഹോം കെയർ സന്ദർശനത്തിൽ പങ്കെടുത്ത സ്റ്റാഫ്, വളണ്ടിയർമാർ എന്നിവരുടെ പങ്കെടുത്ത ദിവസങ്ങളിലെ അറ്റന്റൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

iv)ഹോം കെയർ രജിസ്റ്ററിൽ രേഖപ്പെടുത്തിയ സന്ദർശന ദിവസങ്ങളും, ഹോം കെയറിനായി ഉപയോഗിക്കുന്ന പാലിയേറ്റീവ് കെയർ വാഹനത്തിലെ ലോഗ് ബുക്കിൽ ഹോം കെയർ വിസിറ്റ് നടത്തിയ ദിവസങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു. ലോഗ് ബുക്കിൽ 27.05.18, 12.06.18, 17.07.18, 10.08.18, 30.08.18, 11.09.18, 01.10.18, 02.11.18, 04.12.18 എന്നീ തീയതികളിൽ ഹോംകെയർ സന്ദർശനത്തിനായി വാഹനം ഓടിയതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഹോം കെയർ രജിസ്റ്റർ പ്രകാരം ഇതേ ദിവസങ്ങളിൽ രോഗികളെ സന്ദർശിച്ചിട്ടില്ല. ഹോം കെയർ രജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണ് എന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.37/25.10.19) മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

v)പാലിയേറ്റീവ് കെയർ വാഹനത്തിന്റെ ഉപയോഗത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. വാഹനത്തിന്റെ ടാങ്ക് കപ്പാസിറ്റി, ഇന്ധനം നിറക്കുന്നതിന്റെ വിവരങ്ങൾ എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത ആംബുലൻസാണ്. എന്നാൽ പ്രസ്തുത വാഹനം എച്ച്.എം.സി.യ്ക്ക് കൈമാറിയിട്ടില്ല. ആശുപത്രിക്ക് ചുറ്റുമതിലോ ഷെഡോ ഇല്ലാത്തതിനാലാണ് വാഹനം കൈമാറാത്തതെന്നാണ് ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.37/25.10.19) മറുപടി നൽകിയിട്ടുള്ളത്. പാലിയേറ്റീവ് കെയറിനു വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനം വാങ്ങിയിട്ടുള്ള വാഹനം എച്ച് എം സി ക്ക് കൈമാറേണ്ടതും ഡ്രൈവറുടെ വേതനവും വാഹനത്തിന്റെ ചെലവും എച്ച് എം സി യുടെ ഫണ്ടിൽ നിന്നും നൽകേണ്ടതുമാണ്. ആയതിനുള്ള നടപടികൾ ഭരണസമിതി കൈക്കൊള്ളേണ്ടതാണ്. മാർഗ്ഗരേഖ സ.ഉ (സാ.ധാ) നം.3217/2015/ത.സ്വ.ഭ.വ/ 29.10.2015 ഖണ്ഡിക 2.6.5 അനുസരിച്ചുള്ള ഹോം കെയർ വാഹന പരിപാലനത്തിന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

vi)പാലിയേറ്റീവ് കെയർ നഴ്സിന്റെ പ്രവൃത്തി ചെയ്ത മാസത്തെ ഓണറേറിയം അടുത്ത മാസം പത്താം തീയതിക്ക് മുമ്പായി അവരുടെ അക്കൗണ്ടിലേക്ക് നൽകേണ്ടതാണ്. എന്നാൽ 2018-19 ൽ നഴ്സിന് പല മാസങ്ങളിലും വളരെ വൈകിയാണ് ശമ്പളം നൽകിയിരിക്കുന്നത്. ചില ഉദാഹരണങ്ങൾ താഴെ കെടുക്കുന്നു.

| ശമ്പളം | മാസം | അക്കൗണ്ടിലേക്ക് നൽകിയ തീയതി |
|---|---|---|
| 15000 | ഏപ്രിൽ 2018 | 23.05.18 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 15000 | ജൂൺ 2018 | 19.07.18 |
| 15000 | ആഗസ്റ്റ് 2018 | 14.09.18 |
| 15000 | ഡിസംബർ 2018 | 24.01.18 |
| 15000 | ജനുവരി 2019 | 22.02.19 |

സമയബന്ധിതമായി ഓണറേറിയം നൽകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിയും ശ്രദ്ധിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായും പാലിച്ചുകൊണ്ട് പാലിയേറ്റീവ് പ്രവർത്തനം നടപ്പിലാക്കേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും മേൽ വിഷയങ്ങൾ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 26.06.2019 മുതൽ 28.06.2019 വരെ | കെ.എസ്.എ.റ്റി.വി.എം.ജിപി. 9/1248/2019 തീയതി 20.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2018-19 | 85000 | ക്ഷീര സമൃദ്ധി - വനിത ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 85000 | 0 |
| | 2018-19 | 24000 | ക്ഷീര സമൃദ്ധി - ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(ജനറൽ) | 24000 | 0 |
| | 2018-19 | 47520 | ജലശ്രീ – കിണർ റീചാർജ്ജിംഗ് (എസ്.സി.പി) | 47520 | 0 |
| | 2018-19 | 309137 | ലൈഫ് ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (ജനറൽ) | 309137 | 0 |
| | 2018-19 | 1378377 | ലൈഫ് ഭൂമിയുള്ള ഭവനരഹിതർക്ക് വീട്(എസ്.സി.പി) | 126670 | 1251707 |
| | 2018-19 | 14661 | ലൈഫ് ഭൂമിയുള്ള ഭവനരഹിതർക്ക് വീട്(എസ്.ടി) | 0 | 14661 |
| | 2018-19 | 114750 | കേദാരം സമഗ്ര നെൽകൃഷി വികസനം | 114750 | 0 |
| | 2018-19 | 280000 | ഹരിതഭവനം | 280000 | 0 |
| | 2018-19 | 6000 | ജൈവസമൃദ്ധി - തരിശ് ഭൂമി കൃഷി | 6000 | 0 |
| | 2018-19 | 299250 | സ്നേഹസ്പർശം - മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 299250 | 0 |
| | ആകെ | 2558695 | | 1292327 | 1266368 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 299250 | സ്നേഹസ്പർശം - മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 299250 | 0 |
| | 2018-19 | 73366 | ക്ഷീര സമൃദ്ധി - ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(ജനറൽ) | 73366 | 0 |
| | 2018-19 | 162810 | ക്ഷീര സമൃദ്ധി - വനിത ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 162810 | 0 |
| | 2018-19 | 479380 | ലൈഫ് ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (ജനറൽ) | 479380 | 0 |
| | 2018-19 | 873330 | ലൈഫ് ഭൂമിയുള്ള ഭവനരഹിതർക്ക് | 873330 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വീട്(എസ്.സി.പി) | | |
| | 2018-19 | 216000 | ജലശ്രീ കിണർ റീച്ചാർജിംഗ് | 31680 | 184320 |
| | 2018-19 | 80000 | ജലശ്രീ കിണർ റീച്ചാർജിംഗ് (എസ്.സി.പി) | 1600 | 78400 |
| | 2018-19 | 153000 | കേദാരം സമഗ്ര നെൽകൃഷി വികസനം | 153000 | 0 |
| | 2018-19 | 6000 | ജൈവസമൃദ്ധി - തരിശ് ഭൂമി കൃഷി | 6000 | 0 |
| | ആകെ | 2343136 | | 2080416 | 262720 |

പാലിന് സബ്സിഡി പ്രോജക്ടിനായി ലഭിച്ച ബ്ലോക്ക് വിഹിതം 20,374/- രൂപയുടെ മുന്നിരിപ്പും ചേർന്നുള്ള തുകയാണ് B4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | തുണ്ടിൽക്കടവ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 100000 | 0 | 100000 |
| | പോട്ടലിൽ അംഗൻവാടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 50000 | 0 | 50000 |
| | ചിറ്റിലഴികം അംഗൻവാടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 58300 | 0 | 8300 |
| | തട്ടത്തുമല ലക്ഷംവീട് കോളനിപൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 293200 | 0 | 293200 |
| | 110കെ.വി.കാനാറ കുടിവെള്ള പദ്ധതി | 300000 | 0 | 300000 |
| | പണ്ടാരവിള - മുതുക്കുറുഞ്ഞി ലൈൻ എക്സ്റ്റൻഷൻ | 500000 | 0 | 500000 |
| | ആകെ | 1301500 | 0 | 1301500 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 47,51,483/-രൂപ വരവുണ്ട്. 47,51,483/-രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ.(ആർ.റ്റി) 429/2010/എൽ. എസ്.ജി.ഡി തീയതി 06.02.2010 | 11408753 | 110489 | 110489 | - | ഇല്ല |
| ലൈഫ് ഭവന പദ്ധതി | ജി.ഒ. (എം.എസ്)68/18 തീയതി 15.05.2018 | 4751483 | 4751483 | 0 | | 475148 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-4 | 2005-06 | 2.2.1 | വി.ഇ.ഒ. നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ 13,13,000/-രൂപയുടെ ചെലവ് രേഖകളില്ല | - |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 9,20,02,276/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 8,76,07,270/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 14,22,455/- |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-39 | 13,01,500/- | ശ്രീമതി. ഡി.എസ്.ലതിക, സെക്രട്ടറി |
| 1-42 | 78,035/- | ശ്രീമതി. ഡി.എസ്.ലതിക, സെക്രട്ടറി |
| 1-43 | 28,000/- | ശ്രീമതി. ഡി.എസ്.ലതിക, സെക്രട്ടറി |
| 1-58 | 14,920/- | ഡോ. ഷീജ. എം.പി.,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 14,22,455/- | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഡി.എസ്.ലതിക, സെക്രട്ടറി | വിരമിച്ചു | ശിവപ്രിയ, എൻ.എസ്.എസ്.നഗർ, വട്ടപ്പാറ |
| ഡോ. ഷീജ.എം.പി., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | - | കൃഷ്ണ ജഗത്, റ്റി.സി. 16/507, EVRA-75, ജഗതി, തൈക്കാട് |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 3 | |
| 2001-02 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 5 | |
| 2003-04 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 7 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 4 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 10 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 4 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 6 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 3 | |
| 2010-11& 2011-12 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 7 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 9 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/ 229/18 തീയതി 05.06.2018 | 7 | |
| 2014-15 | എൽ.എഫ്.റ്റി.ഡി /ജി.പി.9/1313/16 തീയതി 30.07.16 | 15 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി 9/ | 10 | |

| | | | |
|---|---|---|---|
| | 2128/16 തീയതി 15.12.2016 | | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/770/17 തീയതി 21.08.2017 | 20 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം /ജി.പി 9/464/19 തീയതി 30.11.2019 | 9 | |

**ഒപ്പ്**
**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**

# അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ **പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ **പഴയകുന്നുമ്മേൽ ഗ്രാമ പഞ്ചായത്തിന്റെ 2018-19** -ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

**ഒപ്പ്**
**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**

R.21.1.20